12th YEAR

# വേദാഭിമാനി

Vol.12
No.7
കാർത്തികപ്പള്ളി
R.No. 7361/02
2012 AUGUST

വേദപുസ്തക സത്യത്തിലേക്ക് ഒരു ജാലകം : സത്യത്തിന് സാക്ഷി

## ടൂറിൻകച്ച ക്രിസ്തുവിന്റേതല്ല



ടൂറിനിലെ സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് ദേവാലയത്തിൽ സൂക്ഷിച്ചിരിക്കുന്ന തിരുക്കച്ച ക്രിസ്തുവിന്റേതല്ലെന്നു ഗവേഷകൻ. 1260 മുതൽ 1390 വർഷം വരെ പഴക്കമുള്ള വസ്ത്രം 40 വയസുകാരന്റേതാണെന്ന് ഇറ്റലിയിലെ പാർമ പോപോലേർ സർവകലാശാലയിലെ ഗവേഷകനായ അന്റോണിയോ ലോംബാട്ടി അഭിപ്രായപ്പെട്ടു. ഈ വസ്ത്രം തുർക്കിയിലാണ് ഉണ്ടാക്കിയതെന്ന് അദ്ദേഹം പറയുന്നു. മധ്യകാലത്തെക്കുറിച്ചു ഗവേഷണം നടത്തിയ ഫ്രഞ്ചുകാർ ശവസംസ്കാരത്തിന് ഉപയോഗിച്ച നിരവധി വസ്ത്രങ്ങൾ കണ്ടെത്തിയിരുന്നു. ഫ്രഞ്ച് വിപ്ലവത്തിന്റെ സമയത്ത് ഇത്തരം വസ്തുക്കൾ നശിപ്പിക്കപ്പെട്ടു. ഫ്രഞ്ചു പ്രഭു ജോഫ്രോയ് ഡി ചാർനിക്കു തീർഥയാത്രയുടെ സ്മാരകമായാണു തിരുക്കച്ച ലഭിച്ചത്.

## ക്രൂശാരോഹണം ശാസ്ത്രലോകത്തിന്റെ ഉത്തരം




യേശുക്രിസ്തു ക്രൂശിലേറ്റപ്പെട്ടത് എന്നാണെന്ന ചോദ്യത്തിന് ശാസ്ത്രലോകത്തിന്റെ ഉത്തരം; അതു നടന്നത് എ.ഡി. 33 ഏപ്രിൽ മൂന്നിന്. ബൈബിളിൽനിന്നും ഭൗമശാസ്ത്ര പഠനത്തിൽനിന്നും ലഭിച്ച സൂചനകൾ കോർത്തിണക്കിയാണ് സൂപ്പർസോണിക് ജിയോഫിസിക്കലിലെ ജെഫേഴ്സൺ വില്യംസ്, ജർമൻ റിസർച്ച് സെന്റർ ഓഫ് ജിയോസയൻസസിലെ മാർക്കസ് ഷ്വാബ്, അഷിം ബ്രയർ എന്നിവർ ഈ നിഗമനത്തിലെത്തിയത്. ദുഃഖവെള്ളിയാഴ്ച എന്നായിരുന്നെന്ന് ഏറെക്കുറെ ഉറപ്പുണ്ടായിരുന്നെങ്കിലും വർഷം ഏതെന്ന ചോദ്യത്തിനാണ് ഇവർ ഉത്തരം തേടിയത്.

ചാവുകടലിൽ നൂറ്റാണ്ടുകൾകൊണ്ടു രൂപപ്പെട്ട എക്കൽ മൺപാളിയുടെ ഏറ്റവും മുകളിലെ 19 അടിയിൽ 4000 വർഷത്തിനിടെ ഭൂചലനങ്ങളുടെ ഫലമായുണ്ടായ ക്രമഭംഗങ്ങളാണ് ഇവർ പഠനവിധേയമാക്കിയത്. ജറുസലേമിന് 19 മൈൽ ദൂരെയാണു പഠനം നടത്തിയത്.

എക്കൽപാളിയുടെ കാമ്പിനെ പിടിച്ചുലച്ച രണ്ടു ഭൂകമ്പങ്ങളിൽ ആദ്യത്തേതു ബി.സി. 31 ലാണെന്ന് വാർവ്സ് എന്നറിയപ്പെടുന്ന പാളികളുടെ പഠനത്തിൽനിന്നു കണ്ടെത്തി. എ.ഡി. 26നും 36നും ഇടയിലായിരുന്നു രണ്ടാമത്തേത്. വി. മത്തായിയുടെ സുവിശേഷത്തിൽ വിവരിക്കുന്ന ഭൂകമ്പവും യഹൂദിയായിലെ പ്രൊക്യൂറേറ്ററായിരുന്ന പീലാത്തോസിന്റെ കാലവും ഒത്തുവന്ന വർഷങ്ങളാണു രണ്ടാമത്തേത്. ക്രൂശാരോഹണ സമയത്തുണ്ടായ ഭൂകമ്പത്തെപ്പറ്റി വി. മത്തായിയുടെ സുവിശേഷത്തിൽ വിവരിക്കുന്നുണ്ട്. യഹൂദ കലണ്ടറിലെ വിവരങ്ങളും ജ്യോതിശാസ്ത്രപരമായ കണക്കുകളും ചേർത്തുള്ള പഠനത്തിലാണ് ക്രൂശാരോഹണം നടന്നിരിക്കാവുന്ന വർഷങ്ങളെപ്പറ്റി ഏകദേശ നിഗമനത്തിലെത്തിയത്. ഇതിൽ ഏറ്റവും യോജിക്കുന്നത് എ.ഡി. 33 ആണെന്ന് ഇന്റർനാഷണൽ ജിയോളജി റിവ്യൂവിൽ പ്രസിദ്ധീകരിച്ച പഠനത്തിൽ പറയുന്നു. ക്രൂശാരോഹണവേളയിൽ ഉച്ചനേരത്ത് ഇരുട്ടു പരന്നെന്ന സുവിശേഷ ഭാഗങ്ങളെപ്പറ്റിയും ജെഫേഴ്സൺ വില്യംസ് പഠനം നടത്തുന്നുണ്ട്.

## ടൈറ്റാനിക് വീട്ടുമുറ്റത്ത്



അലകടലിന്റെ ആഴങ്ങളിലേക്കു ഉല്ലാസനൗക ടൈറ്റാനിക് യാത്ര പോയിട്ടു നൂറുവർഷം തികയുന്നു. ടൈറ്റാനിക് ആരാധന മൂത്തു വീട്ടുമുറ്റത്തു ടൈറ്റാനിക് മാതൃക തീർത്ത സ്കോട്ടിഷ് സ്വദേശി സ്റ്റാൻ ഫ്രാസെറെ പരിചയപ്പെടാം. 12 വർഷത്തെ കഠിനാദ്ധ്വാനത്തിന്റെ ഫലമായ ടൈറ്റാനിക് മാതൃക കഴിഞ്ഞ ദിവസം ആ രാജകീയനൗകയുടെ കന്നിയാത്രയുടെ സ്മരണകൾക്കു സമർപ്പിച്ച് സ്റ്റാൻ ഫ്രാസെർ പൊതുജനങ്ങൾക്കു തുറന്നു കൊടുത്തു.

യഥാർഥ ടൈറ്റാനിക്കിലേതുപോലെ നാലു പുകക്കുഴലുകൾ ഇതിലുമുണ്ട്. 1:10 എന്ന അനുപാതത്തിലാണ് ഫ്രാസർ മാതൃക തീർത്തത്. ടൈറ്റാനിക്ക് പ്രമേയം അടിസ്ഥാനമാക്കി ഒരു കഫേയും സന്ദർശകർക്കായി കപ്പൽമാതൃകയിൽ ഒരുക്കിയിരിക്കുന്നു. നോട്ടിക്കൽ ഉപകരണങ്ങൾ ഉൾപ്പെടുത്തിയ വീൽ ഹൗസും ഇതിലുണ്ട്.

## അമേരിക്കയിൽ വെള്ളക്കാർ ന്യൂനപക്ഷമാകുന്നു!



അമേരിക്കയിൽ വെള്ളക്കാർ ന്യൂനപക്ഷമായി മാറിക്കൊണ്ടിരിക്കുകയാണെന്നു റിപ്പോർട്ട്. അമേരിക്കയിലെ വംശീയ ന്യൂനപക്ഷങ്ങളുടെയും കുടിയേറ്റ വിഭാഗങ്ങളുടെയും ജനനനിരക്ക് വെള്ളക്കാരുടെ ജനനനിരക്കിനെ മറികടക്കുന്നതായി റിപ്പോർട്ടിൽ പറയുന്നു. ഇതു നേരത്തേ കണക്കാക്കിയതിലും വേഗത്തിലാണു കുതിക്കുന്നതെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. ഏറ്റവും പുതിയ സെൻസസ് റിപ്പോർട്ട് അനുസരിച്ച് കറുത്തവർ, ഹിസ്പാനിക്കുകൾ, ഏഷ്യൻ വംശജർ, സങ്കരവംശം എന്നീ വിഭാഗങ്ങളുടെ ജനനനിരക്ക് 2011 ജൂലൈ അവസാനിക്കുമ്പോൾ 50.4 ശതമാനത്തിൽ എത്തിയിരിക്കുകയാണ്. ഇതേസമയം, വെള്ളക്കാരുടെ ജനനനിരക്ക് 49.6 ശതമാനമായി കുറഞ്ഞു. ആദ്യമായാണ് വെള്ളക്കാരുടെ ജനനനിരക്ക് ന്യൂനപക്ഷവിഭാഗങ്ങളേക്കാൾ താഴുന്നത്.

## ഒറിജിനലിനെ വെല്ലുന്ന മൂക്ക്



അവയവദാനം പഴങ്കഥയാക്കുന്ന കണ്ടുപിടിത്തവുമായി ബ്രിട്ടീഷ് ശാസ്ത്രജ്ഞർ. ലണ്ടൻ യൂണിവേഴ്സിറ്റി കോളജിലെ ശാസ്ത്രജ്ഞർ ലബോറട്ടറിയിൽ രൂപപ്പെടുത്തിയ ഒറിജിനലിനെ വെല്ലുന്ന മൂക്ക് ചികിത്സാരംഗത്തു വൻകുതിപ്പിനു വഴിയൊരുക്കുമെന്നാണു കരുതുന്നത്.

ലണ്ടനിലെ യൂണിവേഴ്സിറ്റി കോളജിലെ നാനോടെക്നോളജി ആൻഡ് റീജനറേറ്റീവ് മെഡിസിനിലെ ശാസ്ത്രജ്ഞരാണു മനുഷ്യാവയവം കൃത്രിമമായി ലബോറട്ടറിയിൽ രൂപപ്പെടുത്തുന്നതിൽ വിജയിച്ചത്. പ്രൊഫ. അലക്സാണ്ടർ സെയ്ഫാലിയന്റെ നേതൃത്വത്തിലാണ് കൃത്രിമമൂക്കിനു രൂപം നൽകിയത്. മനുഷ്യകോശങ്ങൾകൊണ്ടു രൂപപ്പെടുത്തി വളർത്തിയെടുത്ത മൂക്ക് രോഗിയുടെ മുഖത്തു വച്ചുപിടിപ്പിക്കുമ്പോൾ അതു ചരിത്രനേട്ടമാകുമെന്നു സെയ്ഫാലിയൻ പറഞ്ഞു.

## 414 വിദ്യാർത്ഥികൾ 31 ഭാഷകൾ




തമിഴ് മുതൽ അറബി വരെയുള്ള 31 വ്യത്യസ്തഭാഷകൾ സംസാരിക്കുന്ന വിദ്യാർഥികൾ ഒരു സ്കൂളിൽ പഠിക്കുന്നു! ലണ്ടൻ ബെർമിംഗ്ഹാം ദ ഇംഗ്ലീഷ് മാർട്ടയേഴ്സ് കാതലിക് സ്കൂളിലാണ് ഈ നാനാത്വം ദൃശ്യമാകുന്നത്. ഈ സ്കൂളിലെ 414 വിദ്യാർഥികൾ 31 വ്യത്യസ്ത ഭാഷകളിൽ അവരുടെ കൊച്ചു വലിയ സ്വപ്നങ്ങൾ പങ്കിടുന്നു.

ഒന്നാം ഭാഷയായി ഇംഗ്ലീഷ് തെരഞ്ഞെടുത്തവർ ഇവിടെ ന്യൂനപക്ഷം. ലിംഗാള, യൊറൂബ തുടങ്ങിയ ആഫ്രിക്കൻ ഭാഷകൾ മിർപുരി, ഹിൻകോ തുടങ്ങിയ പാക്ക് ഭാഷകൾ, പഞ്ചാബി, ഉർദു, പോർച്ചുഗീസ്, റൊമാനിയൻ, പോളിഷ്, നേപ്പാളീസ് തുടങ്ങി 31 ഭാഷകളിലാണ് ഇവിടത്തെ കുട്ടികൾ കലപില കൂട്ടുക. ഈ ഭാഷാവൈവിധ്യം അധ്യാപകർക്കു പലപ്പോഴും കീറാമുട്ടിയാകുമ്പോഴും റിസൾട്ട് വരുമ്പോൾ സ്കൂൾ ആ മേഖലയിൽ മുന്നിൽത്തന്നെ.

ചോദ്യങ്ങൾ - വിമർശനങ്ങൾ - അഭിപ്രായങ്ങൾ അറിയിക്കാൻ ☎: 0479 - 3201787 : 9847232598 : vedabhimani@gmail.com



# അനുഗ്രഹം വരുന്ന വഴി

ദൈവവചനം കേൾക്കാൻ ജനം യേശുവിനു ചുറ്റും തിങ്ങിക്കൂടിയിരിക്കുന്നു, അതും തടാകക്കരയിൽ. രണ്ടു പടകുകൾ കരയ്ക്കടുത്തു നിൽക്കുന്നതു യേശു കണ്ടു. മീൻ പിടുത്തക്കാർ ജോലി മതിയാക്കി പടകിൽ നിന്നിറങ്ങി വല കഴുകുകയായിരുന്നു. സാധാരണ ചെയ്യാറുള്ളതുപോലെ കഴുകി ചുരുട്ടിക്കെട്ടുന്നു. അടുത്ത പ്രാവശ്യത്തേക്ക് ഉപയോഗിക്കാൻ. ആ പടകുകളിൽ ഒന്നു ശീമോൻ പത്രോസിന്റേതായിരുന്നു. പേരെടുത്ത മീൻപിടുത്തക്കാരൻ ആയിരുന്നു പത്രോസ്. യേശു ആ പടകിൽ കയറിയ ശേഷം കരയിൽനിന്നു അല്പം നീക്കണം എന്നാണ് അപേക്ഷിച്ചത്, ശീമോൻ ക്ഷീണിതനാണ്. രാത്രിമുഴവനുമുള്ള അധ്വാനം നിഷ്ഫലമായിരുന്നതിനാൽ സ്വഭാവികമായും നിരാശനുമായിരുന്നിരിക്കാം. വീട്ടിലേക്ക് മടങ്ങാനുള്ള ധൃതിയുമുണ്ടാകാം. പക്ഷേ, കർത്താവ് ഒരു ചെറിയ തുടക്കത്തിനു വേണ്ടി. കരയിൽനിന്നും പടക് അല്പം നീക്കുവാൻ ആവശ്യപ്പെടുന്നു.

നമ്മുടെ തകർച്ചയുടേയും ഉത്കണ്ഠയുടേയും നിരാശയുടേയും നിമിഷങ്ങൾ കർത്താവ് മനസിലാക്കുന്നു. അവൻ നമ്മെ സമീപിച്ച് ലളിതമായ സേവനത്തിനു അപേക്ഷിക്കുന്നു. അവന്റെ സാന്നിധ്യം മാത്രമല്ല സ്നേഹത്തിന്റെ സ്വരവും നമ്മിലേക്ക് പകരുന്നു. യേശു ആവശ്യപ്പെട്ട സേവനം വെറുമൊരു മിനക്കേടാണെന്നു കരുതാതെ പത്രോസ് അതിനു തയ്യാറായി. പത്രോസിന്റെ പടകിൽ ഇരുന്നുകൊണ്ട് കരയിൽ കൂടിനിന്ന ജനസഞ്ചയത്തിനു യേശു തന്റെ ദൂതുകൾ നൽകി. തുഴക്കാരന്റെ റോളിൽ ആയിരുന്നെങ്കിലും യേശുവിന്റെ ലാവണ്യവാക്കുകൾ പത്രോസും ശ്രവിച്ചു.



നട്ടുച്ചനേരത്ത് ശമര്യയിലെ കിണറ്റിൻകരയിൽ "എനിക്കു കുടിക്കാൻ തരുമോ?" എന്നു യേശു സ്ത്രീയോടു ചോദിച്ചത് ഓർക്കുക (യോഹ. 4:7). ഒരു ചെറിയ സേവനം ആവശ്യപ്പെട്ട യേശു അവളിൽനിന്നു ജലം വാങ്ങിക്കുടിച്ച് ദാഹമകറ്റിയതായി അവിടെ സൂചനകളൊന്നുമില്ല. മറിച്ച്, അവൾക്കു ജീവജലം നൽകി. യേശു സഹായ അഭ്യർത്ഥനയുമായി ഇന്നും നമ്മെ സമീപിക്കുന്നത്, നമ്മെ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ്. പ്രയത്നങ്ങളെല്ലാം വ്യർത്ഥമായെന്നറിഞ്ഞ് ജോലിനിർത്തി പോകാനൊരുങ്ങുന്നവർ, അവരോടാണ് വീണ്ടും ജോലി തുടങ്ങാൻ ആവശ്യപ്പെടുന്നത്. ധാരാളം എതിർ ന്യായങ്ങൾ നിരത്താൻ പത്രോസിനുണ്ട്. വിദഗ്ധരും പരമ്പരാഗതമായി മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്നവരുമായ അവർ, രാത്രി മുഴുവൻ ഈ സ്ഥലമെല്ലാം അരിച്ചുപെറുക്കിയതാണ്. അവരോട് വീണ്ടും പരിശ്രമിക്കുക എന്നു പറയുന്നത് യുക്തിക്കു ചേർന്നതല്ല. യേശു തൊഴിൽ കൊണ്ട് തച്ചനാണ്, മുക്കുവനല്ല. മീൻപിടുത്തക്കാര്യത്തിൽ വിദഗ്ദ്ധനല്ലാത്ത ഒരാൾ, ഈ മേഖലയിലെ പാരമ്പര്യ വിദഗ്ദ്ധന്മാർക്കു നിർദേശം നൽകുന്നത് എത്രത്തോളം പ്രായോഗികമാണ്? പക്ഷെ, യേശു പത്രോസിനോടാവശ്യപ്പെട്ടു-ആഴത്തിലേക്കു നീക്കി മീൻ പിടുത്തത്തിനു വലയിറക്കുക! ഇതുവരെയും കർത്താവിന്റെ ഉപദേശം (വചനം) ശ്രവിക്കുകയായിരുന്നു പത്രോസ്. അതിനുശേഷമാണ് അനുസരണത്തിനായുള്ള ആഹ്വാനം. പത്രോസ് പറഞ്ഞു: "നാഥാ ഞങ്ങൾ രാത്രി മുഴുവൻ അധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല. എങ്കിലും നിന്റെ വാക്കിനു ഞാൻ വലയിറക്കാം." യുക്തിക്കപ്പുറം വിശ്വാസം ആവശ്യപ്പെടുന്ന അനുസരണത്തിനു പത്രോസ് തയാറായി. ദൈവവചനം കേൾക്കുന്നത് പ്രായോഗിക ജീവിതത്തിൽ അനുസരണത്തിനായി നമ്മെ പ്രചോദിപ്പിക്കണം. ക്ഷീണിതരുടെ തൊഴിൽ രംഗത്തെത്തി നിർദേശങ്ങൾ നൽകി അവരെ അനുഗ്രഹിക്കുന്ന കർത്താവു അനുഗ്രഹത്തിന്റെ ആദ്യത്തെ ചവിട്ടുപടി അനുസരണമാണെന്നു നമ്മെ ഓർമപ്പെടുത്തുന്നു.

അനുഗ്രഹം വരുന്ന വഴി അനുസരണത്തിലൂടെയാണ്-ആഴത്തിലേക്കു വല വീശുക. അവരുടെ പ്രതീക്ഷകൾക്കപ്പുറമായി ഫലം കിട്ടി. വലിയ മീൻകൂട്ടം. മറ്റു പടകുകളുടെ സഹായത്തോടെ മീൻ കരയ്ക്കു വലിച്ചു കയറ്റി. മേന്മയേറിയ ജീവിതാനുഭവങ്ങൾ ലഭിക്കണമെങ്കിൽ ആഴത്തിലേക്കിറങ്ങിച്ചെല്ലണം. അത് അനുസരിച്ചവർ ചരിത്രത്തിൽ വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. പുതുക്കവും ശുദ്ധീകരണവുമെല്ലാം ഈ പ്രക്രിയ വഴിയാണ് സാധ്യമാകുന്നത്. മനുഷ്യർക്ക് അസാധ്യമായ കാര്യങ്ങൾ സാധ്യമാക്കിത്തീർക്കുന്നത് ദൈവമാണ്.

അത്ഭുതകരമായ ഈ മീൻപിടിത്തം പത്രോസിൽ ആന്തരിക പരിവർത്തനമുളവാക്കി. അവൻ യേശുവിന്റെ കാൽക്കൽ വീണു. "കർത്താവേ ഞാൻ പാപിയായ ഒരു മനുഷ്യനാകകൊണ്ട് എന്നെ വിട്ട് അകന്നുപോകേണമേ" എന്നവൻ വിളിച്ചുപറഞ്ഞു. ആദ്യം "ഗുരുവേ (നാഥാ)" എന്നു യേശുവിനെ വിളിച്ചവൻ ഇപ്പോൾ "കർത്താവേ" എന്നു വിളിച്ചുകൊണ്ട് അവന്റെ ദൈവീകത അംഗീകരിക്കുകയാണ്.

ദൈവികബോധം നമ്മുടെ പരിമിതികൾ ഉണരാൻ നമ്മെ സഹായിക്കുന്നു. അവിചാരിതമായ വിജയങ്ങളിൽ അഹങ്കരിക്കുന്നവരെ നമുക്കു ചുറ്റും കാണാമല്ലോ. വിജയമകുടം ചൂടിയപ്പോഴും സ്വന്തം അയോഗ്യതകളെക്കുറിച്ചുള്ള ആഴമായ ബോധം പ്രകടിപ്പിക്കുന്ന പത്രോസ് ഒരു വ്യത്യസ്ത മനുഷ്യനായി നമുക്കനുഭവപ്പെടുന്നു. ദിവ്യദർശനവേളയിൽ യെശയ്യാവിനുണ്ടായ, 'ശുദ്ധിയില്ലാത്ത അധരങ്ങളുള്ള മനുഷ്യൻ' എന്ന ബോധവും (യെശ. 6:5) അയോഗ്യതകളെക്കുറിച്ചുള്ള യിരമ്യാവിന്റെ ഏറ്റുപറച്ചിലും (യിരെ. 1:6) ഇവിടെ പരാമർശമർഹിക്കുന്നു. "പൊടിയും വെണ്ണീരുമായ ഞാൻ കർത്താവിനോടു സംസാരിക്കാൻ തുനിഞ്ഞുവല്ലോ" എന്നു പരിഭവിക്കുന്ന അബ്രഹാമിന്റെ ഭാവവും (ഉല്പ. 18:27) ഞാൻ എന്നെത്തന്നെ വെറുത്ത് പൊടിയിലും ചാരത്തിലും കിടന്നു അനുതപിക്കുന്നു എന്നു ദൈവത്തോടു നിസ്സഹായത പ്രകടിപ്പിക്കുന്ന ഇയ്യോബിന്റെ ഭാവവും (ഇയ്യോ. 42:6) നാം ഉൾക്കൊള്ളേണ്ടതാണ്. ഞാൻ പാപികളിൽ ഒന്നാമൻ എന്ന് പൗലോസിനു ഏറ്റുപറയാൻ മടിയുണ്ടായിരുന്നില്ല. ഞാൻ വിശുദ്ധനാണെന്നു ചിന്തിക്കുന്നവർ ദൈവത്തെ തങ്ങളിലേക്കു കടന്നുവരാൻ അനുവദിക്കാത്തവരാണ് (ലൂക്കോ. 18:9-14).

രക്ഷകന്റെ സാന്നിധ്യവും പാപബോധവും പ്രതിഷ്ഠയിലേക്കാണ് നമ്മെ നയിക്കുക. കർത്താവു നമ്മെ രൂപാന്തരപ്പെടുത്തി പുതിയ മനുഷ്യരായി ഉപയോഗിക്കുന്നു. അതിനു അധികാരമുള്ളവൻ നമ്മുടെ ജീവിതങ്ങളെ ആവശ്യപ്പെടുന്നു. പത്രോസിനു തന്നെ വിളിച്ചവനിൽ വിശ്വാസമുണ്ടായി. അവന്റെ ജീവിതത്തിലെ ശൂന്യത, തികവാർന്ന അവസ്ഥയിൽ നികത്താൻ ശക്തനാണ് തന്നെ വിളിച്ചതെന്നു പത്രോസ് അനുഭവം കൊണ്ട് അറിഞ്ഞു. അവൻ സകലവും വിട്ടു കർത്താവിനെ അനുഗമിച്ചു. അന്നും ഇന്നും തങ്ങളെ സ്നേഹിക്കുകയും ശക്തിപ്പെടുത്തി ഉപയോഗിക്കുകയും ചെയ്യുന്ന രക്ഷകനായ കർത്താവിനെ തിരിച്ചറിയുന്നവർ സംശയലേശമന്യേ അവന്റെ വചനം ശ്രവിക്കുകയും അവനെ അനുസരിക്കുകയും അവനായി സമർപ്പിക്കുകയും ചെയ്യുന്നു. തടസ്സങ്ങളൊന്നും അതിൽ നിന്നവരെ പിൻതിരിപ്പിക്കുന്നില്ല.

നമ്മെ അന്വേഷിച്ചു വരുന്നവനാണ് കർത്താവ്, അവൻ നമ്മോടു സഹായം അഭ്യർത്ഥിക്കുന്നു. അനുസരിക്കാൻ സ്നേഹത്തിൽ നിർബന്ധിക്കുന്നു. അനുതാപചിത്തരായി നമ്മുടെ ജീവിതങ്ങളെ അവന്റെ ഇഷ്ടത്തിനു വിട്ടുകൊടുക്കാൻ അവൻ ക്ഷണിച്ചുകൊണ്ടേയിരിക്കുന്നു.

വേദാഭിമാനി
AUGUST

ചീഫ് എഡിറ്റർ
ടൈറ്റസ് കാർത്തികപ്പള്ളി

മാനേജർ
ഏബ്രഹാം മത്തായി (സണ്ണി)

പബ്ലിഷർ
കെ. സി. വർഗ്ഗീസ്, കല്ലുമണ്ണിൽ

കോ-ഓർഡിനേറ്റർ
തോമസ് വർക്കി

വാർഷിക വരിസംഖ്യ
ഇന്ത്യ - Rs. 100
യു.എസ്.എ. - $25
മറ്റു രാജ്യങ്ങൾ - Rs.1000

എല്ലാ രാജ്യങ്ങളിലും വേദാഭിമാനി ലഭിക്കുന്നതാണ്
വരിസംഖ്യ അയക്കേണ്ട വിലാസം
വേദാഭിമാനി
കേരള - 690 516

## ഉടൻ പ്രതീക്ഷിക്കുക

പരിണാമവാദം, സൃഷ്ടിവാദം, ആത്മാവ്, മരണാനന്തരജീവിതം തുടങ്ങി അടിസ്ഥാന ഉപദേശങ്ങൾ വരെ ഒരു ചെറു പുസ്തകത്തിൽ.

സാർവ്വത്രിക അംഗീകാരം ലഭിച്ച ടൈറ്റസ് കാർത്തികപ്പള്ളിയുടെ പഠനലേഖനങ്ങൾ.

എതിർ വാദങ്ങളെ നിഷ്പ്രഭമമാക്കുന്ന ആധികാരിക ശാസ്ത്ര - ചരിത്ര - മത - വചന യാഥാർത്ഥ്യങ്ങൾ.

വേഗത്തിലുള്ള വായനയിൽ കാര്യങ്ങൾ ഗ്രഹിക്കത്തക്കവിധം അതിപ്രധാന വസ്തുതകൾ മാത്രം.

മറ്റൊരിടത്തു നിന്നും ലഭിക്കാനിടയില്ലാത്തത്.

ആർക്കും എവിടെയും ധൈര്യമായി സുവിശേഷവുമായി കടന്നുചെല്ലാൻ സഹായിക്കുന്ന ഈ ലഘുഗ്രന്ഥത്തിന്റെ വിപുലമായ വിതരണത്തിൽ പങ്കാളികളാകാൻ താൽപര്യമുള്ളവർ ഉടൻ ബന്ധപ്പെടുക.

ടൈറ്റസ് കാർത്തികപ്പള്ളി
കേരള 690 516
9847232598, 9847990939 ☎ 0479 3201787



# ബാലവേദി



## വഴിതെറ്റുന്ന ബാല്യം

കുട്ടികൾ വഴിതെറ്റിപ്പോകാനിടയാകുന്ന സാഹചര്യങ്ങൾ ഏറെയുള്ള സമൂഹമാണു നമ്മുടേത്. അവിശ്വസനീയമെന്നു തോന്നുന്ന ചില സ്വഭാവസവിശേഷതകൾ കുട്ടികളിലും മുതിർന്നവരിലും വളർന്നുവരുന്നു. പണത്തോടും സുഖഭോഗങ്ങളോടുമുള്ള അത്യാർത്തിയും; പണവും പദവിയും തരുന്ന ഉപരിപ്ലവമായ സന്തോഷത്തിന്റെ ചുറ്റുപാടുകളും മുതിർന്നവരെ ആകർഷിക്കുമ്പോൾ അവരുടെ ഭ്രമം കുട്ടികളെയും ആ മായാവലയത്തിലേക്കു പിടിച്ചടുപ്പിക്കുന്നു. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗമാണു വഴിതെറ്റിക്കുന്ന മറ്റൊന്ന്. അവയ്ക്ക് അടിമകളാകുന്ന പത്തുവയസിനു താഴെയുള്ള കുട്ടികൾപോലും കേരളീയ സമൂഹത്തിലുണ്ടെന്നു പറയുമ്പോൾ അമ്പരക്കുന്നവർ തന്നെ ഇപ്പോൾ ചുരുക്കം. ഇത്തരം പല കാര്യങ്ങളും യാഥാർഥ്യബോധത്തോടെ അംഗീകരിക്കുകയും പരിഹാരം അന്വേഷിക്കുകയും ചെയ്യുന്നില്ലെങ്കിൽ അത് അപകടകരമാണ്.

വിദ്യാലയങ്ങളിൽ കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യസംരക്ഷണത്തിന് ഇപ്പോഴുള്ള കർമപദ്ധതികൾ അപര്യാപ്തമാണ്. മൂല്യാധിഷ്ഠിത ജീവിതത്തിനു കുട്ടികളെ തയാറാക്കാനുള്ള പദ്ധതികൾ പലേടത്തും നിലച്ചുപോയിരിക്കുന്നു. സ്വകാര്യ, എയ്ഡഡ് സ്കൂളുകളിൽ പണ്ട് ധാർമിക പഠനത്തിനു പ്രത്യേകം പീരിയഡുകൾതന്നെ നീക്കിവച്ചിരുന്നു. എന്നാൽ, ഇപ്പോൾ അത്തരം നല്ല മാതൃകകളൊക്കെ ഇല്ലാതായിക്കൊണ്ടിരിക്കുന്നു. സ്കൂളുകളുടെ പേരും പെരുമയും വർധിപ്പിക്കാൻ പഠനരംഗത്തും പാഠ്യേതര രംഗത്തും മികവുണ്ടാക്കാൻ സ്കൂൾ അധികൃതർ നടത്തുന്ന ശ്രമങ്ങളുടെ ചെറിയൊരംശം അവരെ നല്ല പൗരന്മാരായി, നല്ല മനുഷ്യരായി, വളർത്തിയെടുക്കുന്നതിനുവേണ്ടി ഉണ്ടായിരുന്നെങ്കിൽ സ്ഥിതി ഇത്രയും ആശങ്കാജനകമാകില്ലായിരുന്നു. മൊബൈൽ ഫോൺ, കംപ്യൂട്ടർ തുടങ്ങിയവയുടെ ദുരുപയോഗം കുട്ടികളുടെ സ്വഭാവരൂപവത്കരണത്തെയും ജീവിതരീതികളെയും ഏറെ സ്വാധീനിക്കുന്നുണ്ട്. മൊബൈൽ ഫോണുകൾ സ്കൂൾ കുട്ടികളുടെ ഇടയിൽ കർശനമായി നിയന്ത്രിക്കപ്പെടേണ്ടതുണ്ട്.



മുമ്പു കോളജിനോടുബന്ധിച്ചായിരുന്ന പ്രീഡിഗ്രി ഇപ്പോൾ പ്ലസ് ടു ആയി സ്കൂളിന്റെ ഭാഗമായി മാറിയെങ്കിലും പഴയ പ്രീഡിഗ്രിക്കാരുടെ മാനസികാവസ്ഥയാണ് ഇപ്പോഴത്തെ സ്കൂളിലെ പ്ലസ്ടുക്കാരുടേതെന്ന് ഈ പ്രായം കടന്നുവന്ന മാതാപിതാക്കളും അധ്യാപകരും പലപ്പോഴും വിസ്മരിക്കുന്നു. വളരെ ജാഗ്രതയോടും സൂക്ഷ്മതയോടുംകൂടി വേണം കുട്ടികളെ കൈകാര്യം ചെയ്യാൻ. ലോകസാഹചര്യങ്ങൾ മാറുന്നതു നമുക്കു തടയാനാവില്ല. എന്നാൽ, നമ്മുടെ മക്കളെയും നമുക്കു ചുറ്റുമുള്ളവരെയും കുറെയൊക്കെ സ്വാധീനിക്കാൻ നമുക്കാവും. കുട്ടികളെ സ്നേഹംകൊണ്ടും ശാസനകൊണ്ടും നിരന്തരമായ ആശയവിനിമയത്തിലൂടെയും ദൈവവഴിയിൽ ആത്മീയരായി വളർത്തി നല്ലൊരു ജീവിതത്തിനായി ഒരുക്കിയെടുക്കേണ്ടത് മുതിർന്ന തലമുറയിലെ ഓരോരുത്തരുടെയും കടമയാണ്.



## ഡച്ച്-ഇംഗ്ലീഷ്

റ്റുലിപ് (tulip) പുഷ്പങ്ങളുടെ നാടായ ഹോളണ്ടിന് ഡച്ച്, നെതർലാൻഡ് എന്നിങ്ങനെയും പേരുകളുണ്ട്. ഡച്ചു ഭാഷയിൽ നിന്ന് ധാരാളം ഇംഗ്ലീഷ് വാക്കുകൾ ഉണ്ടായിട്ടുണ്ട്. അവയെപ്പറ്റി കേട്ടോളൂ.

സാധാരണ ജനങ്ങളുടെ ഭാഷ എന്നർഥമുള്ള 'ഡ്യൂറ്റ്സ്' എന്ന വാക്കാണ് 'ഡച്ച്' ആയി മാറിയത്. ഡച്ചുകാർ തങ്ങളുടെ ഭാഷയ്ക്ക് പറയുന്നതാവട്ടെ 'ഹോളണ്ടിഷ്' എന്നാണ്. വടക്കൻ ബെൽജിയത്തിലെ ഫ്ളാൻഡേഴ്സ് നിവാസികൾ (Fleming) ഉപയോഗിക്കുന്നതുകൊണ്ട് 'ഫ്ളെമിഷ്' (Flemish) എന്നും ഡച്ചു ഭാഷയ്ക്ക് പേരുണ്ട്. ദക്ഷിണാഫ്രിക്കയിലെ പ്രധാന ഭാഷയായതുകൊണ്ട് 'ആഫ്രിക്കാൻ' 'Africa' എന്ന പേരിന്റെ ഉല്പത്തിതന്നെ ഇതിൽനിന്നാണ്. വ്യക്തതയില്ലാത്ത ഭാഷയ്ക്ക് 'gobble' എന്ന പേരു കിട്ടിയതും ഡച്ചിൽ നിന്നുതന്നെ.

സമ്മാനങ്ങളുമായി എത്തുന്ന 'സാന്താക്ലോസ്' (santa claus) ന് ആ പേരു കിട്ടിയത് ഡച്ചിലെ 'Santaklaas' എന്ന പദത്തിൽ നിന്നാണ്. അർഥം 'സെയ്ന്റ് നിക്കോളാസ്'.

ഇനി ഇംഗ്ലീഷിലെ ചില ഡച്ചു വാക്കുകളും അർഥവും കേട്ടോളൂ.

| | | |
|---|---|---|
| trigger | - | **കാഞ്ചി** |
| clever | - | **വിരുതുള്ള** |
| snap | - | **ഫോട്ടോഗ്രഫി സ്നാപ്പ്** |
| blame | - | **ഗംഭീരശബ്ദം** |
| plug | - | **പ്ലഗ്** |
| nib | - | **പേനയുടെ മുന** |
| nip | - | **നുള്ളിനോവിക്കുക** |
| bale | - | **അളവ്** |



## പുസ്തകഭാഷ: അച്ചടിഭാഷ

പുസ്തകങ്ങളുടെ ഉള്ളടക്കം, രൂപകൽപന എന്നിവയുമായി ബന്ധപ്പെട്ട ചില വാക്കുകളും പ്രയോഗങ്ങളും ഇതാ...

അനുപമമായ കൃതികൾ ആണ് 'ക്ലാസിക്സ്' (Classics; Exquisite) - മോശമായവ pulp literature ആണ്.

വലിയ തലക്കെട്ടും നിറയെ ചിത്രങ്ങളുമുള്ള പ്രസിദ്ധീകരണമാണ് tabloid. - ശാസ്ത്രകഥാ പ്രസിദ്ധീകരണമാണെങ്കിൽ sc fi ആണ്.

കഥയും കവിതയും ചിത്രകഥകളുമൊക്കെയുള്ള പുസ്തകങ്ങൾക്കു പറയുന്ന പേരാണ് florilegium (ഫ്ളറിലിജിയം).

പുസ്തകത്തിന്റെ പുറംതാൾ (പുറംചട്ട) ആണ് Outer Page. തുടക്കത്തിലും ഒടുക്കത്തിലും അച്ചടിക്കാതെ ശൂന്യമായിട്ടിരിക്കുന്ന പേജുകളാണ് end paper. പേജുകൾ മറിക്കുന്നതിന് twin over എന്നു പറയും. ആദ്യപേജിൽ കാണുന്ന തത്ത്വങ്ങൾപോലുള്ള വാചകങ്ങൾക്ക് പറയുന്ന പേരാണ് എപിഗ്രാഫ് (epigraph).

വർണശബളിമയാർന്ന ഭാഷയ്ക്കു പറയുന്ന പേരാണ് euphism and flowery (യൂഫിസം & ഫ്ളവറി).

സന്മാർഗകഥകളാണ് ethics. പക്ഷിമൃഗാദികളും മറ്റും സംസാരിക്കുന്ന കഥകൾ fable എന്നറിയപ്പെടുന്നു. ഐതിഹ്യങ്ങൾക്കും കെട്ടുകഥകൾക്കും legends and myths എന്നാണ് പറയുക. episode എന്നാൽ ഉപകഥകളാണ്.

പ്രത്യേക പംക്തിയാണ് feature. പംക്തികൾക്കിടയിൽ ബോക്സിൽ കൊടുക്കുന്ന വിജ്ഞാനശകലങ്ങൾ ആണ് snippet. പ്രാസകവിതകൾ rhyme എന്നും ചെറിയ തമാശക്കവിതകൾ epigram എന്നും അറിയപ്പെടുന്നു.

പുസ്തകത്തിന്റെ ഉപസംഹാരത്തിനു പറയുന്നത് epilogue എന്നാണ്.

അച്ചടിയുമായി ബന്ധപ്പെട്ട് നിരന്തരം ഉപയോഗിക്കുന്ന ചില വാക്കുകൾ ഇതാ:

Printer's devil- അച്ചടിപ്പിശാച്
Erratum - തെറ്റുകളുടെ പട്ടിക
Proof read- പകർപ്പു പരിശോധിച്ച് തിരുത്തുക.
Re-edit - വീണ്ടും തെറ്റുതിരുത്തുക
Publish- പ്രസിദ്ധീകരിക്കുക
Paginate - നമ്പറിടുക
Scissors and paste- മറ്റു പുസ്തകങ്ങളിലെ പ്രസക്ത ഭാഗങ്ങൾ ചേർത്ത് പുതിയ പുസ്തകമുണ്ടാക്കുക.




# മരണാനന്തര വാസസ്ഥലം : ആത്മാവിന്റെ അവസ്ഥ

## (വായനക്കാരുടെ സംശയങ്ങൾ, തെറ്റിധാരണകൾ ദൂരീകരിക്കാൻ പര്യാപ്തമായ ലേഖനം)

പാതാളത്തെ രണ്ടു പ്രത്യേക ഭാഗങ്ങളായി തിരിച്ചിരിക്കുന്നു (ലൂക്കൊസ് 16:26). അവയിൽ ഒന്ന് പറുദീസയും, മറ്റൊന്ന് യാതനാ സ്ഥലവുമാണ്.

ക്രൂശിലെ കള്ളന് യേശു ഉറപ്പ് കൊടുത്തു, "ഇന്നു നീ എന്നോടുകൂടെ പറുദീസയിലിരിക്കും, എന്നു സത്യമായി ഞാൻ നിന്നോടു പറയുന്നു" (ലൂക്കോസ് 23:43). "പറുദീസ" (ഗ്രീക്ക്:പാരാഡെയിസോസ്) അർത്ഥം "പാർക്ക്" മനോഹരവും ആശ്വാസവുമുള്ള സ്ഥലം. (2 കൊരി. 12:1–4; വെളിപ്പാട് 2:7). നീതിമാന്മാർ മരിച്ചശേഷം പോകുന്ന സ്ഥലം. യേശുവിന്റെ ശരീരം കല്ലറയിൽ അടക്കിയെങ്കിലും (ലൂക്കൊസ് 23:52,53), അവന്റെ പ്രാണൻ പാതാളത്തിലേക്ക് പോയി (അ.പ്ര. 2:27,31). യേശു മരിച്ചപ്പോൾ നേരെ സ്വർഗത്തിൽ പോയില്ല എന്ന് അവൻ മഗ്ദലക്കാരത്തി മറിയയോടു പറഞ്ഞ വാക്കുകൾ വ്യക്തമാക്കുന്നു: "എന്നെ തൊടരുത്, ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറിപോയില്ല" (യോഹ. 20:17). ഇതിൽനിന്നും യേശുവും ക്രൂശിലെ കള്ളനും മരിച്ചപ്പോൾ രണ്ടുപേരും പാതാളത്തിലെ മനോഹര ഭാഗമായ പറുദീസയിലേക്ക് പോയി എന്നു തീർച്ചയാക്കാം.

ലൂക്കോ. 16:22–ലെ "അബ്രഹാമിന്റെ മടി" എന്നതു പറുദീസയുടെ പര്യായമായി കണക്കാക്കാം. നീതിമാൻ മരിക്കുമ്പോൾ പറുദീസയിലേക്ക് പോകും. "അബ്രഹാമിന്റെ മടി" എന്ന പ്രയോഗം സൂചിപ്പിക്കുന്നത് അബ്രഹാമിന് ലാസറിനോടുള്ള സ്നേഹത്തെയാണ്. ഒരു കുഞ്ഞാടിനെ ഒരാൾ തന്റെ മടിയിൽ കിടത്തുന്നതിനെ കുറിച്ച് നാഥാൻ പ്രവാചകൻ പറയുകയുണ്ടായി (2 ശമു. 12:3), അവന് ആ ആടിനോടുള്ള സ്നേഹവും കരുതലും ആണ് അത് കാണിക്കുന്നത്. യേശു സ്നേഹിച്ച അവന്റെ ശിഷ്യൻ യേശുവിന്റെ മടിയിൽ, അഥവാ നെഞ്ചോട് ചാഞ്ഞ് കിടന്നിരുന്നു (യോഹ. 13:23), ആ ശിഷ്യനോടുള്ള യേശുവിന്റെ സ്നേഹത്തെയാണ് അത് കാണിക്കുന്നത്. യേശു പിതാവിന്റെ മടിയിലാണെന്ന് പറഞ്ഞിരിക്കുന്നു (യോഹ. 1:8), ദൈവത്തിന് യേശുവിനോടുള്ള സ്നേഹം അതിൽ പ്രകടമായിരിക്കുന്നു. യെഹൂദന്മാരിൽ പലരും പ്രതീക്ഷിച്ചതായ ആദരവും സ്നേഹവും ധനവാന് ലഭിച്ചില്ല; പക്ഷെ ദരിദ്രനായ ലാസറിനാണ് അത് ലഭിച്ചത്.

ലാസർ മരിച്ച ഉടനെ അവൻ പാതാളത്തിൽ മേലത്തെ ഭാഗത്തു, നീതിമാന്മാരുടെ ആത്മാക്കളുടെ വിശ്രമസ്ഥാനമായ പറുദീസയിലേക്കു പോയി. ധനവാൻ മരിച്ചു; അവൻ പാതാളത്തിൽ താഴത്തെ ഭാഗമായ യാതനാസ്ഥലത്തേക്കും പോയി.

ഇങ്ങനെ പാതാളത്തിൽ രണ്ടു ഭാഗമുള്ളതായി വ്യക്തമായിരിക്കുന്നു. ഒന്ന് മേലത്തെ പാതാളം, അഥവാ പറുദീസാ. മറ്റൊന്ന് താഴത്തെ പാതാളം അഥവാ യാതനാസ്ഥലം. ഇതു കൂടാതെ പാതാളത്തിൽതന്നെ വേറൊരു ഭാഗംകൂടെ ഉള്ളതായി തിരുവെഴുത്തു വെളിപ്പെടുത്തിയിട്ടുണ്ട്. The lowest hell എന്ന ഇംഗ്ലീഷ് പദപ്രയോഗത്തിൽതന്നെ ഇതു പ്രകടമാണ്.

പാതാളത്തിൽ അന്ധതമസ്സിന്റെ ചങ്ങലയാൽ ബന്ധിക്കപ്പെട്ടു കിടക്കുന്ന ഒരുകൂട്ടം ദൂതന്മാരുണ്ടെന്ന് 2 പത്രോസ് 2:4 വ്യക്തമാക്കുന്നു. യൂദാ ഇവരെക്കുറിച്ച് എഴുതിയിരിക്കുന്നത്: 'തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്തം വാസസ്ഥലം വിട്ടുപോയ ദൂതന്മാരെ മഹാദിവസത്തിന്റെ വിധിക്കായി എന്നേക്കുമുള്ള അന്ധകാരത്തിൻ കീഴിൽ സൂക്ഷിച്ചിരിക്കുന്നു' (യൂദാ 4).

പാതാളത്തിൽ അഗാധഭാഗത്ത് (ടാർട്ടാറസ്) പാർക്കുന്നവർ ഈ ദൂതന്മാരാണെന്ന് പ്രസ്തുത വാക്യങ്ങളിൽ നിന്ന് വ്യക്തമാകുന്നുണ്ടല്ലോ. സ്വർഗ്ഗലോകം ഒന്നാം സ്വർഗ്ഗം, രണ്ടാം സ്വർഗ്ഗം, മൂന്നാം സ്വർഗ്ഗം എന്നിങ്ങനെ മൂന്നു ഭാഗങ്ങളായിരിക്കുന്ന പ്രകാരം തന്നെ പാതാളലോകവും ഒന്നാം പാതാളം, രണ്ടാം പാതാളം, മൂന്നാം പാതാളം എന്നിങ്ങനെ മൂന്നു ഭാഗമായിട്ടാണ് തിരുവചനം വെളിപ്പെടുത്തുന്നത്.

മരിച്ചവരെക്കുറിച്ച് എഴുതിയിരിക്കുന്നു, "സൂര്യനു കീഴിൽ നടക്കുന്ന യാതൊരു കാര്യത്തിലും ഇനി അവർക്ക് ഒരു ഓഹരിയുമില്ല" (സഭാപ്രസംഗി 9:6). നമുക്ക് എല്ലാവർക്കും ഒരേ ഒരു ഭൗതിക ജീവിതം മാത്രമാണുള്ളത്; മരണത്തോടെ ഒരിക്കലും ഭൗതികജീവിതത്തിലേക്ക് വരാതെ, നാം ആത്മീയഗോളത്തിലേക്ക് പ്രവേശിക്കും.

മറ്റൊരു തെറ്റിദ്ധാരണ എന്തെന്നാൽ "മരിച്ചവർ ഉയർത്തെഴുന്നേൽക്കുന്നതുവരെ ആത്മാക്കൾ ഒന്നുകിൽ നിദ്രയിലായിരിക്കും അല്ലെങ്കിൽ ഉണ്ടായിരിക്കയില്ല" എന്നതാണ്. യോഹന്നാൻ 11:11–13 ലും 1 തെസലോനിക്യർ 4:14,15ലും മരിച്ചവരെ കുറിച്ചു പറയുമ്പോൾ "നിദ്ര" എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ടെങ്കിലും, അതു ശരീരങ്ങളുടെ അവസ്ഥയെ ബോധ്യപ്പെടുത്തുവാനാണ് പറഞ്ഞിരിക്കുന്നത്. ശരീരത്തിന്റെ മരണം മനുഷ്യന്റെ അവസാനമല്ല എന്ന ഉറപ്പ് നൽകുന്നതിനു ഉപയോഗിച്ചിരിക്കുന്നതാണ് "നിദ്ര" എന്ന വാക്ക്, എന്നാൽ മരണശേഷവും ആ ജീവനുണ്ടാകും, ഒരാൾ ഉറങ്ങിയാലും എഴുന്നേൽക്കുമ്പോൾ ജീവൻ തുടരുന്നതുപോലെ ആണ് അത്.

മരിച്ചവർ ഒന്നുമറിയുന്നില്ല, ആത്മാക്കൾ നിദ്രയിലാണ്, അല്ലെങ്കിൽ നിലനില്ക്കുന്നില്ല എന്ന് സഭാപ്രസംഗി 9:5,6 എടുത്ത് ഉപയോഗിക്കുന്നവർ തെറ്റായിട്ടാണ് അത് ഉപയോഗിക്കുന്നത്. മരിച്ചവർക്ക് ഈ ജീവിതവുമായുള്ള ബന്ധത്തെയാണ് എഴുത്തുകാരൻ അവിടെ വിവരിക്കുന്നത്. ഇവിടെ നടക്കുന്നത് മരിച്ചവർ അറിയുന്നില്ല, അവർക്ക് ഇവിടെനിന്നു ഒരു പ്രതിഫലവും ലഭിക്കുന്നുമില്ല. അവർ ആയിരിക്കുന്ന ഗോളത്തിൽ എന്തു സംഭവിക്കുന്നു എന്ന് അവർക്ക് അറിയാം, അദൃശ്യലോകത്തിലെ കാര്യങ്ങൾ അന്യോന്യം പങ്കുവെക്കുവാനും കഴിയും (ലൂക്കോ. 16:19–31). ഈ ജീവിതത്തിനുശേഷം അവർക്ക് ഒന്നുകിൽ പ്രതിഫലമോ അല്ലെങ്കിൽ ശിക്ഷയോ ഉണ്ട് (2 കൊരി. 5:10; മത്താ. 25:46).

മൂന്നാമത്തെ തെറ്റിദ്ധാരണ "മരിച്ചവർക്ക് ജീവനുള്ളവരുമായി ആശയവിനിമയം നടത്തുവാനും, ജീവിക്കുന്നവർക്ക് തിരിച്ചും–ഒരു മാദ്ധ്യമത്തിൽകൂടെ കഴിയും" എന്നതാണ്. അതിനെ സ്പിരിച്ച്വലിസം അല്ലെങ്കിൽ സ്പിരിറ്റിസം എന്നാണ് വിളിക്കുന്നത്. അത്തരം മാദ്ധ്യമമായി പ്രവർത്തിക്കുന്നവരെ ബൈബിൾ കർശനമായി വിലക്കിയിരിക്കുകയാണ്. ധനവാന്റെ സഹോദരന്മാരോട് സംസാരിക്കുവാൻ ലാസറിനെ അനുവദിക്കണമെന്ന ആവശ്യം നിഷേധിക്കുകയാണ് ചെയ്തത് (ലൂക്കോസ് 16:27–31). ഭൂമിയിൽ നടക്കുന്ന കാര്യങ്ങളൊന്നും മരിച്ചവർ അറിയുന്നില്ല, അതിലൊന്നിലും അവർക്ക് ഓഹരിയുമില്ല.

വേറൊരു തെറ്റിദ്ധാരണ നിലവിലുള്ളത് "മരിച്ചവരോട്, പ്രത്യേകിച്ച് 'വിശുദ്ധന്മാരോടും' മറ്റുള്ളവരോടും സഹായത്തിനായി പ്രാർത്ഥിക്കുക" എന്നതാണ്. യേശുവാണ് നമ്മുടെ സഹായിയും (എബ്രാ. 4:15,16), ഏക മദ്ധ്യസ്ഥനും (1 തിമൊ. 2:5), അല്ലാതെ മരിച്ച മറ്റാരുമല്ല. അവൻ നമ്മെപോലെ ആയിരുന്നതുകൊണ്ട്, നമ്മുടെ ബലഹീനതകളിൽ നമ്മോടു സഹതാപം കാണിപ്പാനും സഹായിപ്പാൻ കഴിയുന്നവനുമാണ് (എബ്രാ. 2:17,18; 4:15,16).

"ഈ ജീവിതത്തിനുശേഷം രക്ഷക്ക് മറ്റൊരു അവസരം ലഭിക്കും" എന്നതാണ് ഇനിയൊരു തെറ്റിദ്ധാരണ. ഈ ജീവിതത്തിനുശേഷം നീതിമാന്മാർക്കും ദുഷ്ടന്മാർക്കും ഇടയിൽ ഒരു വലിയ പിളർപ്പ് ഉണ്ടായിരിക്കുന്നു എന്നാണ് യേശു പറഞ്ഞത്. ആർക്കും ഒരു സ്ഥലത്തുനിന്ന് മറ്റൊന്നിലേക്ക് പ്രവേശിക്കുവാൻ സാദ്ധ്യമല്ല. ശരീരത്തിലിരിക്കുമ്പോൾ നാം ചെയ്ത പ്രവൃത്തികൾക്കനുസരിച്ചാണ് നമുക്കുള്ള ന്യായവിധി (2 കൊരി. 5:10). അക്കാരണത്താൽ, നാം ശരീരം വിടുമ്പോൾ തന്നെ നമ്മുടെ ലക്ഷ്യസ്ഥാനം ഉറപ്പിച്ചുകഴിഞ്ഞു. പാപത്തിൽ മരിക്കുന്നവർക്ക് യേശുവിനോടുകൂടി ആയിരിപ്പാൻ സാധ്യമല്ല (യോഹ. 8:21). അതുകൊണ്ട്, "ഇപ്പോഴാണ് രക്ഷാദിവസം" (2 കൊരി. 6:2). ഇന്നുതന്നെ യേശുവിനെ രക്ഷകനായി സ്വീകരിക്കുക. വചനപ്രകാരം ജീവിതത്തെ ക്രമപ്പെടുത്തുക.നാളെ എന്നുള്ളത് നിങ്ങൾക്കുള്ളതല്ല എന്നറിയുക.

മരണശേഷം "ആത്മാക്കൾ ന്യായവിധിവരെ വിശുദ്ധീകരണസ്ഥലത്തായിരിക്കും" എന്ന മറ്റൊരു തെറ്റിദ്ധാരണ പരന്നിട്ടുണ്ട്. വിശുദ്ധീകരണസ്ഥലമെന്ന ഉപദേശം പഴയനിയമത്തിലും പുതിയനിയമത്തിലും ഇല്ല. എന്നാൽ അത് റോമൻ കത്തോലിക്കാ ബൈബിളിലെ ഒരു ഭാഗമായ, അപ്പോക്രിഫാ അല്ലെങ്കിൽ ദൈവശ്വാസിയമല്ലാത്ത പുസ്തകത്തിൽ ഉള്ളതാണ്, അത് ദൈവശ്വാസിയമാണെന്ന് കത്തോലിക്കർ അവകാശപ്പെടുന്നുണ്ടെങ്കിലും, മറ്റുള്ളവരാരും അത് ദൈവശ്വാസിയമായി അംഗീകരിക്കുന്നില്ല. ആ ഭാഗം വായിക്കുന്നത്, "അതുകൊണ്ട് മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് വിശുദ്ധവും, പൂർണ്ണവുമാണ്, അങ്ങനെ അവർക്ക് പാപങ്ങളിൽനിന്ന് ഇളവ് ലഭിച്ചേക്കാം" (2 മെക്കാബ്യർ 12:46). റോബർട്ട് സി. ബ്രോഡറിക്ക് വിശുദ്ധീകരണസ്ഥലത്തെ നിർവ്വചിച്ചത്, "മുൻപ് ക്ഷമിക്കപ്പെട്ടവരുടെ താൽക്കാലിക ശിക്ഷ അനുഭവിക്കേണ്ട അവസ്ഥയും സ്ഥലവുമാണ് വിശുദ്ധീകരണസ്ഥലം, കൃപാവസ്ഥയിൽ മരിക്കുന്ന ആൾക്ക്, അയാൾ മാനസാന്തരപ്പെടാത്തതും എന്നാൽ ക്ഷമിക്കത്തക്കതുമായ പാപങ്ങളെ ആത്മാവിൽ നിന്നും നീക്കപ്പെടുന്നു; അങ്ങനെ ഒരുക്കവും വിശുദ്ധീകരണവും ലഭിച്ച ആത്മാക്കൾ നേരെ സ്വർഗത്തിൽ പോകുന്നു. ഈ ഉപദേശം യേശു ക്രൂശിൽ മതിയായത്രകഷ്ടം സഹിച്ചതിനെ തള്ളിക്കളയുന്നതും (1 പത്രോ. 1:18–20), സ്വർഗത്തിൽ പോകുന്നതിന് മുൻപ് മനുഷ്യരുടെ കഷ്ടതയും സഹായവും യോഗ്യതയായി കണക്കാക്കുന്നതുമാകുന്നു – ആ ഉപദേശത്തെ ബൈബിൾ വിലക്കിയിരിക്കുന്നു (എഫെ. 2:8; തിത്തൊസ് 3:5). പാതാളത്തിലുള്ളവർക്ക് കടന്നുപോകുവാൻ കഴിയാത്ത പിളർപ്പ് ഉണ്ടെന്ന യേശുവിന്റെ ഉപദേശത്തിന് അത് വിരുദ്ധവുമാണ് (ലൂക്കൊസ് 16:22–26).

"മരിച്ച ഒരാൾക്കു വേണ്ടി ജീവിച്ചിരിക്കുന്ന ഒരാൾക്ക് സ്നാനം കൊടുക്കുന്നതാണ്" ഏഴാമത്തെ തെറ്റിദ്ധാരണ. ഈ ഉപദേശം മിക്കവാറും 1 കൊരിന്ത്യർ 15:29 ആസ്പദമാക്കിയുള്ളതാണ്, ആ വേദഭാഗം വളരെ പ്രയാസമുള്ള ഒന്നാണ്: "അല്ല, മരിച്ചവർക്കു വേണ്ടി സ്നാനം ഏല്ക്കുന്നവർ എന്തു ചെയ്യും? മരിച്ചവർ കേവലം ഉയർക്കുന്നില്ലെങ്കിൽ, അവർക്ക് വേണ്ടി സ്നാനം ഏല്ക്കുന്നത് എന്തിന്?" ഈ ഭാഗത്ത് പൗലൊസ് ഉയർത്തെഴുന്നേല്പിനെ കുറിച്ച് വാദിക്കുകയാണ്. ചിലർ എങ്ങനെ മരണാനന്തര ജീവിതത്തിൽ വിശ്വസിക്കുന്നു എന്നു പൗലൊസ് കാണിക്കുകയാണ്. മരിച്ചവർക്കുവേണ്ടി സ്നാനപ്പെടുന്ന പരിശീലനത്തെ പൗലൊസ് സാധൂകരിക്കുകയായിരുന്നില്ല, മറിച്ച്, മരണാനന്തരജീവിതത്തിലുള്ള അവരുടെ വിശ്വാസത്തെയാണ് അവൻ പറയുന്നത്. പാപങ്ങളിൽ മരിക്കുന്നവർക്ക് ഒരു പ്രത്യാശയും ബൈബിൾ നൽകുന്നില്ല, അവർക്ക് സ്വർഗത്തിൽ പോകുവാൻ സാധ്യമല്ല എന്നാണ് സൂചിപ്പിച്ചിരിക്കുന്നത് (യോഹ. 8:21). പിളർപ്പ് കാരണം നീതിമാന്മാർക്കും ദുഷ്ടന്മാർക്കും അവിടെനിന്നും കടക്കുവാൻ സാധ്യമല്ല എന്നോർക്കുക.

ചില ക്രിസ്ത്യാനികൾ മരിക്കുന്നതിനുവേണ്ടി സ്നാനമേറ്റു എന്നു പൗലൊസിനു പറയുവാൻ കഴിയുമായിരുന്നു, അതായത്, മരിച്ചവരുടെ ഉയർത്തെഴുന്നേൽപ്പിന്റെ കാഴ്ചപ്പാടിൽ മരണത്തിനായി ഒരുങ്ങുന്നതിനുവേണ്ടി എന്നർത്ഥം. അവർ മരിച്ചവരിൽനിന്ന് എഴുന്നേൽക്കുകയില്ലെങ്കിൽ പിന്നെ അവരുടെ സ്നാനത്തിന് എന്തു വിലയാണുള്ളത്?

**ഉപസംഹാരം** : മരിച്ചവർ ഇപ്പോൾ, ശരീരമില്ലാതെ പാതാളത്തിൽ ഒന്നുകിൽ പറുദീസയിൽ അല്ലെങ്കിൽ യാതനാ സ്ഥലത്ത് കാത്തിരിക്കുകയാണ്. മരിച്ചവരുടെ പുനരുത്ഥാനം വരെ അവർ ആയിരിക്കുന്ന സ്ഥലത്തുതന്നെ ആകേണ്ടതിന് അവർക്ക് തമ്മിൽ ഒരു പിളർപ്പ് ഉണ്ടാക്കിയിരിക്കുന്നു. ഇതുവരെ അവർ സ്വർഗത്തിലേക്ക് കയറുകയോ (അ.പ്ര. 2:34) നരകത്തിലേക്ക് ഇറങ്ങുകയോ ചെയ്തിട്ടില്ല. നമുക്ക് ഇപ്പോൾ അവസരം ഉള്ളതുകൊണ്ട്, മരണത്തിനും ഉയർത്തെഴുന്നേല്പിനും ഇടയ്ക്കുള്ള പറുദീസയിലേക്ക് പോകുവാൻ നമുക്ക് ഒരുങ്ങാം (2 കൊരി. 6:2).

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# യോനയുടെ കഥ നമ്മുടെയും

ഇസ്രയേലിന്റെ ബദ്ധ ശത്രുവായിരുന്നു അസീറിയ സാമ്രാജ്യം. ആ സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു നിനവേ. ഒരു ദിവസം ദൈവം യോനാ പ്രവാചകനോടു പറഞ്ഞു: "നീ നിനവേ എന്ന മഹാനഗരത്തിലേക്കു പോവുക. അവിടെച്ചെന്നു ദുഷ്ടരായ ആ ജനതയോടു പ്രസംഗിക്കുക."

ദൈവത്തിന്റെ വാക്കു കേട്ടപ്പോൾ യോനാ അവിടെനിന്നും ഓടി, നിനവയിലേക്കല്ല. നേരെ എതിർദിശയിലേക്കാണ് അദ്ദേഹം ഓടിയത്. യോന ഓടിയോടി യോപ്പ എന്ന തുറമുഖപട്ടണത്തിലെത്തി. എന്നാൽ അവിടംകൊണ്ടും അദ്ദേഹം ഓട്ടം നിർത്തിയില്ല. സ്പെയിനിലേക്കു യാത്ര പുറപ്പെടാൻ തയാറായ ഒരു കപ്പൽ തുറമുഖത്തു കിടപ്പുണ്ടായിരുന്നു. യോനാ വേഗം ടിക്കറ്റെടുത്തു കപ്പലിന്റെ താഴത്തെ നിലയിലെത്തി. ശാന്തമായി ഉറങ്ങുവാൻ ഒരു സ്ഥലം യോനാ കണ്ടെത്തി. ദൈവത്തിൽ നിന്നും ഓടിയൊളിക്കുവാൻ സാധിച്ചതിന്റെ ആശ്വാസനിശ്വാസത്തോടെ യോനാ അവിടെ കിടന്നു. പെട്ടെന്നു തന്നെ കൂർക്കം വലിച്ചുറങ്ങിത്തുടങ്ങി.

തീരത്തുനിന്നും യാത്ര പുറപ്പെട്ട കപ്പൽ പെട്ടെന്ന് കൊടുങ്കാറ്റിൽ ആടിയുലഞ്ഞു. ആഞ്ഞടിക്കുന്ന തിരമാലകളിൽപ്പെട്ട് കപ്പൽ തകരുമെന്ന് സ്ഥിതിയിലായി. കപ്പലിന്റെ അപകടസാധ്യത കുറയ്ക്കുവാനായി കപ്പലിലുണ്ടായിരുന്ന ചരക്കിന്റെ നല്ലൊരുഭാഗം നാവികർ കടലിലേക്കു തള്ളി. അതിനിടയിൽ ക്യാപ്റ്റൻ കപ്പലിലൂടെ ഓടിനടന്നു എല്ലാവരോടും പ്രാർത്ഥിക്കുവാൻ പറഞ്ഞു.

ക്യാപ്റ്റൻ അങ്ങനെ ഓടിനടക്കുമ്പോൾ യോനാസുഖമായി ഉറങ്ങിക്കിടക്കുന്നതു കണ്ടു. ഉടനെ അദ്ദേഹം യോനായെ വിളിച്ചുണർത്തി പറഞ്ഞു:"നീ എന്താണ് ഇങ്ങനെ കിടന്നുറങ്ങുന്നത്? വേഗം എണീറ്റ് ദൈവത്തോടു പ്രാർത്ഥിക്കുക. അവിടുന്നു കരുണ കാണിച്ചു നമ്മേ രക്ഷിക്കുകയില്ലെന്ന് ആരറിഞ്ഞു!"

ഇതിനിടയിൽ നാവികർ യാത്രക്കാരെല്ലാവരുടെയും പേരുകൾ എഴുതി. അതിൽ നിന്നും ഒരാളുടെ പേരു നറുക്കിട്ടെടുക്കാൻ പ്ലാനിട്ടു കൊണ്ടു പറഞ്ഞു: "ആരാണ് ഈ അപകടം വിളിച്ചുവരുത്തിയതെന്ന് നമുക്കു കണ്ടുപിടിക്കാം." പിന്നെ അവർ നറുക്കെടുത്തപ്പോൾ യോനായുടെ പേരാണ് അവർക്കു കിട്ടിയത്.

ഉടനെ അവർ ചോദിച്ചു: "നീ ആരാണ്? എന്തപരാധമാണ് നീ ചെയ്തത്?" അപ്പോൾ യോനാ പറഞ്ഞു: "ഞാനൊരു ഹെബ്രായനാണ്. ആകാശവും ഭൂമിയും സമുദ്രവും സൃഷ്ടിച്ച ദൈവത്തെ ഞാൻ ആരാധിക്കുന്നു. ഞാൻ ദൈവത്തിൽ നിന്നും ഓടിയൊളിക്കാനുള്ള ശ്രമത്തിലാണ്."

ഇതു കേട്ടപ്പോൾ നാവികർ പറഞ്ഞു:"അതു വളരെ കഷ്ടമായ കാര്യമായിപ്പോയി." കൊടുങ്കാറ്റ് അപ്പോഴും ശക്തമായി വീശിക്കൊണ്ടിരുന്നു. "കൊടുങ്കാറ്റ് ശമിക്കുവാൻ നമ്മൾ എന്തു ചെയ്യണം." അവർ യോനായോടു ചോദിച്ചു.

ഉടനെ പശ്ചാത്താപവിവശനായി യോനാ പറഞ്ഞു: "എന്നെ കടലിലേക്കു വലിച്ചെറിയൂ. അപ്പോൾ കൊടുങ്കാറ്റ് ശമിക്കും. നിങ്ങൾ ഈ കൊടുങ്കാറ്റിൽ അകപ്പെട്ടതിന്റെ കാരണം എന്റെ തെറ്റുമൂലമാണെന്ന് ഞാൻ മനസിലാക്കുന്നു." പക്ഷേ, യോനായെ കടലിലേക്കെറിയുവാൻ അവർ തയാറായില്ല. അവർ സകലശക്തിയും ഉപയോഗിച്ചു കപ്പൽ തുഴഞ്ഞു കരയ്ക്കടുപ്പിക്കാൻ നോക്കി. എങ്കിലും അവരുടെ ശ്രമം വൃഥാവിലായി. അപ്പോൾ തങ്ങളുടെ പ്രവൃത്തിക്കു ദൈവത്തോടു മാപ്പപേക്ഷിച്ചുകൊണ്ട് മനസില്ലാമനസോടെ അവർ യോനായെ കടലിലേക്കു വലിച്ചെറിഞ്ഞു. അപ്പോൾ കടൽ പെട്ടന്ന് ശാന്തമായി.

കടലിലേക്ക് എറിയപ്പെട്ട യോനായെ ഒരു വലിയ മത്സ്യം വിഴുങ്ങി. മൂന്നുദിവസം മത്സ്യത്തിന്റെ ഉള്ളിൽക്കഴിഞ്ഞ യോനായെ ദൈവത്തിന്റെ നിർദേശം അനുസരിച്ച് മത്സ്യം യോപ്പാ തുറമുഖത്തേക്കു തള്ളി. ജീവനോടെ മത്സ്യത്തിന്റെ വായിൽ നിന്നു പുറത്തുവന്ന യോനായോടു ദൈവം പറഞ്ഞു: "നീ നിനവയിലേക്കു പോകുക. ഞാൻ പറയുന്ന സന്ദേശം അവരോടു പ്രസംഗിക്കുക."

യോനായുടെ കഥ തൽക്കാലം ഇവിടെ നിൽക്കട്ടെ.ദൈവം പറഞ്ഞ ദിശയിൽ നിന്ന് നേരെ എതിർ ദിശയിലേക്കു ഓടിയ യോനായുടെ പ്രവൃത്തിയെക്കുറിച്ച് എന്തു തോന്നുന്നു? അദ്ദേഹത്തിന്റെ പ്രവൃത്തിയെ നാം ന്യായീകരിക്കുമോ? ഒരിക്കലുമില്ല. കാരണം ദൈവം എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്യുവാൻ കടപ്പെട്ടവരല്ലേ നമ്മൾ?

എന്നാൽ, നാം പലപ്പോഴും യോനായെപ്പോലെയാണു പ്രവർത്തിക്കുന്നതെന്നു പറഞ്ഞാൽ അതു അതിശയോക്തിപരമാണോ? ദൈവത്തിന്റെ കല്പനകളും അവിടുത്തെ നിർദേശങ്ങളുമൊക്കെ എത്ര ലാഘവത്തോടെയാണ് നമ്മിൽ പലരും ലംഘിക്കുന്നത്? നമ്മിൽ ചിലരെങ്കിലും ദൈവം പറയുന്നതിൽ നിന്ന് നേരെ വിപരീതമായിട്ടല്ലേ പലപ്പോഴും പ്രവർത്തിക്കുന്നത്? അതുപോലെ, ദൈവത്തിൽ നിന്നും എത്രമാത്രം അകന്നിരിക്കുന്നുവോ അത്രമാത്രം അകന്നിരിക്കുവാൻ ശ്രമിക്കുന്നവരെയും നമ്മുടെയിടയിൽ കാണാറില്ലേ? അവസാനം മനസില്ലാമനസോടെയാണെങ്കിലും യോന ദൈവത്തെ അനുസരിച്ചതിന്റെ ഫലമായി അനേകർ മാനസാന്തരപ്പെട്ടു. ഒരു രാജ്യം നാശത്തിൽ നിന്ന് രക്ഷപ്പെട്ടു.

ദൈവം നമ്മെ വിളിക്കുമ്പോൾ ആ വിളി നമുക്കു കേൾക്കാം. അവിടുന്നു കാണിച്ചുതരുന്ന ദിശയിലേക്കു തന്നെ നമുക്കു പോകാം. ദൈവത്തിൽ നിന്ന് ഓടിയൊളിക്കുവാനുള്ള പ്രവണത ഉപേക്ഷിച്ച് അവിടുന്ന് നമുക്കായി ഒരുക്കിയിരിക്കുന്ന പാത നമുക്കു പിന്തുടരാം.അതു നന്മയ്ക്കും നിത്യരക്ഷയ്ക്കുമുള്ളതെന്ന് തിരിച്ചറിയാം.

# നമ്മുടെ നന്മ അവരുടെ തിന്മ



ട്രാക്ടർ ഉപയോഗിച്ചു നിലം ഉഴുതുമറിക്കുന്ന ഒരു കർഷകൻ. ഉണക്കവസാനിക്കുന്നതിനുമുമ്പ് ഉഴവുജോലി പൂർത്തിയാക്കണമെന്ന് വിചാരിച്ചിരിക്കുമ്പോഴാണ് ട്രാക്ടർ കേടായത്.ട്രാക്ടർ നന്നാക്കുവാൻ വേണ്ടി മെക്കാനിക്കിനെ വിളിച്ചപ്പോൾ കുറെ സമയം വേണ്ടിവരുമെന്ന് അയാൾ അറിയിച്ചു. അങ്ങനെയാണ് അയൽക്കാരനായ മർഫി എന്ന കർഷകനോട് ട്രാക്ടർ കടം വാങ്ങുന്നതിനെക്കുറിച്ച് അയാൾ ചിന്തിച്ചത്.

"മർഫിയോട് ട്രാക്ടർ കടം ചോദിച്ചു കളയാം." കർഷകൻ സ്വയം പറഞ്ഞു: അയാൾ നല്ല അയൽക്കാരനാണ്. അയാൾ തീർച്ചയായും ട്രാക്ടർ കടം തരാതിരിക്കുകയില്ല. ജോലി ചെയ്യുന്നതിൽ അയാൾ താൽപര്യമുള്ള ആളായതുകൊണ്ട് മർഫി തീർച്ചയായും തന്റെ ഉഴവുജോലി നേരത്തെ തീർത്തിട്ടുണ്ടാവും."

മർഫിയുടെ വീട്ടിൽ പോകുവാൻവേണ്ടി കർഷകൻ വഴിയിലേക്കിറങ്ങി. ചുറ്റിലും വിശാലമായ കൃഷിസ്ഥലങ്ങളായതുകൊണ്ട് മർഫിയുടെ വീട്ടിലേക്കു പോകുവാൻ പതിനഞ്ചുമിനിറ്റുദൂരം നടക്കേണ്ടിയിരുന്നു. അല്പനേരം നടന്നുകഴിഞ്ഞപ്പോൾ കർഷകൻ സ്വയം പറഞ്ഞു: "മർഫി തന്റെ ഉഴവുജോലി പൂർത്തിയാക്കിക്കാണുമെന്ന് പ്രതീക്ഷിക്കാം. പണി പൂർത്തിയാക്കിയില്ലെങ്കിൽ അയാൾക്ക് എങ്ങനെ തന്റെ ട്രാക്ടർ കടം തരാനാകും?"

കർഷകൻ മുന്നോട്ടു നടക്കുന്തോറും വിവിധ ചിന്തകൾ അയാളിൽ മാറിമാറി പ്രത്യക്ഷപ്പെട്ടു. എല്ലാം ട്രാക്ടറിന്റെ കാര്യത്തെക്കുറിച്ചു തന്നെയായിരുന്നു. "മർഫിയുടെ ട്രാക്ടർ ഒരുപക്ഷേ പഴയതായിരിക്കും." അയാൾ സ്വയം പറഞ്ഞു. "അങ്ങനെയുള്ള ഒരു ട്രാക്ടർ ആകുമ്പോൾ അതു എപ്പോൾ വേണമെങ്കിലും കേടാകാമല്ലോ. ഒരുപക്ഷേ അയാൾ കടം തരാൻ വിസമ്മതിച്ചെന്നുമിരിക്കും."

കർഷകൻ നടപ്പു തുടർന്നു. പക്ഷേ, കാലുകൾ അത്രവേഗം മുന്നോട്ടുവയ്ക്കാനാവുന്നില്ല. "മർഫി ഒരിക്കലും മറ്റുള്ളവരെ സഹായിക്കുന്നതിൽ അത്ര താല്പര്യം കാണിച്ചിട്ടുള്ള ആളല്ല." കർഷകൻ സ്വയം പറഞ്ഞു. " അയാൾ തന്റെ ഉഴവുജോലി പൂർത്തിയാക്കിയിട്ടുണ്ടാവും. അയാളുടെ ട്രാക്ടർ നല്ല കണ്ടീഷനിലുമായിരിക്കും. എന്നാലും തന്റെ ട്രാക്ടർ കടംതരാൻ അയാൾ അത്ര താല്പര്യം കാണിക്കാനിടയില്ല."

കർഷകൻ ഒരു നിമിഷം വഴിയിൽ നിന്നു. മുന്നോട്ടുപോകണമോ എന്ന ചോദ്യം ആരോ ചോദിക്കുന്നതുപോലെ. പക്ഷെ, അടുത്ത നിമിഷം അയാൾ അറിയാതെ മുന്നോട്ടു നടന്നു. അപ്പോൾ അയാൾ സ്വയം പറഞ്ഞു: "മർഫി ഒരു ദുഷ്ടനാണ്. മറ്റുള്ളവരുടെ നന്മ ആഗ്രഹിക്കാത്ത പരമദുഷ്ടൻ! അയാളുടെ ഉഴവുജോലി തീർന്നിട്ടുണ്ടെങ്കിലും ട്രാക്ടറിനു കേടുവന്നിട്ടില്ലെങ്കിലും അയാൾ തന്റെ ട്രാക്ടർ കടം തരാൻ പോകുന്നില്ല. ഞാൻ നശിക്കുന്നതു കാണാനാണ് അയാൾ ആഗ്രഹിക്കുന്നത്!"

അടുത്തനിമിഷം അയാൾ മർഫിയുടെ വീടിന്റെ മുറ്റത്ത് എത്തി. പിന്നെ അല്പം പോലും മടിച്ചുനിന്നില്ല. അയാൾ കോളിംഗ് ബെല്ലിൽ വിരലമർത്തി. ബെൽ കേൾക്കേണ്ട താമസം മർഫി വാതിൽ തുറന്നു. സന്തോഷപൂർവം അയാളെ അഭിവാദ്യം ചെയ്തു കൊണ്ട് ചോദിച്ചു: "എന്തെങ്കിലും സഹായം ആവശ്യമുണ്ടോ?" അപ്പോൾ ക്ഷോഭത്തോടുകൂടി അയാൾ പറഞ്ഞു: "എനിക്കു നിന്റെ ട്രാക്ടറും വേണ്ട. ഒരു സഹായവും വേണ്ട."

ഈ കഥ കേൾക്കുമ്പോൾ കഥയിലെ കർഷകന് എന്തുപറ്റി എന്ന് നാം ചോദിച്ചേക്കാം. എന്തു സഹായമാണ് ആവശ്യമായിട്ടുള്ളതെന്ന് ചോദിച്ച മർഫിയോട് കർഷകൻ എത്ര ക്രൂരമായിട്ടാണ് പെരുമാറിയത്? എന്താണ് അയാൾ അങ്ങനെ ചെയ്യുവാൻ കാരണം?

കർഷകൻ നിഷേധാത്മക ചിന്താഗതിക്കാരനായിരുന്നു. അയാളുടെ നിഷേധാത്മക ചിന്താഗതിയാണ് സൗഹൃദപൂർവം പെരുമാറിയ ഒരാളോടു വളരെ പരുഷമായി പ്രവർത്തിക്കാൻ ഇടയാക്കിയത്. മർഫിയെ ഒരു നല്ല അയൽക്കാരനായിട്ടായിരുന്നു അയാൾ ആദ്യം കണ്ടത്. എന്നാൽ നിഷേധാത്മക ചിന്ത പെട്ടെന്ന് അയാളിൽ മാറ്റം വരുത്തി. മർഫിയിലെ നന്മ കാണുന്നതിനുപകരം അയാളിലെ പോരായ്മകളാണ് കർഷകൻ കണ്ടത്. എന്നാൽ, അവ യഥാർഥ പോരായ്മകൾ ആയിരുന്നില്ല എന്നതാണ് വാസ്തവം. കർഷകൻ മർഫിയിൽ കണ്ട പോരായ്മകളെല്ലാം അയാളുടെ ഭാവനാസൃഷ്ടിയായിരുന്നു.

ഈ കഥയിലെ കർഷകന്റെ കഥ പലപ്പോഴും നമ്മുടെയും കഥയാണ്. ഓരോരോ അവസരങ്ങളിൽ ഓരോരോ വ്യക്തികളെക്കുറിച്ച് നാം എന്തെല്ലാമാണ് ചിന്തിക്കുകയും പറയുകയും ചെയ്യുന്നത്? അങ്ങനെയുള്ള കാര്യങ്ങൾ മറ്റുള്ളവരുടെ വ്യക്തിത്വത്തെ എന്നതിനേക്കാൾ നമ്മുടെ വ്യക്തിത്വത്തെ അല്ലയോ വെളിപ്പെടുത്തുന്നത്? നമ്മിലെ നിരവധിയായ ആശങ്കകളും നമ്മുടെ ആത്മവിശ്വാസക്കുറവുമൊക്കെയല്ലേ എല്ലാ കാര്യങ്ങളിലും മറ്റുള്ളവരിൽ കുറ്റം ചുമത്തുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്?

നമുക്കുവേണ്ടത് ക്രിയാത്മകമായ ചിന്താഗതിയും പ്രസാദാത്മകമായ ജീവിതവീക്ഷണവുമാണ്. കുറവുകളും കുറ്റങ്ങളും മറ്റുള്ളവർക്കു മാത്രമല്ല നമുക്കുമുണ്ട്. അവയെ പെരുപ്പിച്ചു കാണുന്നതിനു പകരം മറ്റുള്ളവരിലെ നന്മകൾ കാണാം. അങ്ങനെ ചെയ്താൽ നമ്മുടെ അനുദിന പ്രവർത്തനങ്ങളിൽ കാതലായ വ്യത്യാസം സംഭവിക്കും. അതു നമ്മുടെ ജീവിതവിജയം ഉറപ്പുവരുത്തുകയും ചെയ്യും.

**ജെ.പി.ദീപിക**

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# വെളിപ്പാടിന് ഒരു ആമുഖം




**കെ**.ജെ.വിയുടെ പകർപ്പിൽ തലവാചകമായി "ദ റെവെലേഷൻ ഓഫ് സെന്റ് ജോൺ ദ ഡിവൈൻ" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

വെളിപ്പാട് പുസ്തകം എഴുതിയത് യോഹന്നാൻ ആയിരിക്കാം. "യേശുക്രിസ്തുവിന്റെ ദാസനായ യോഹന്നാൻ" (1:1) എന്നാണ് അവനെ വിശേഷിപ്പിച്ചിരിക്കുന്നത്. "യോഹന്നാൻ" എന്ന ലളിതമായ പേരിനാൽതന്നെ അവൻ വളരെയധികം അറിയപ്പെട്ടിരുന്നു. പുതിയനിമയത്തിൽ പ്രമുഖനായി തീർന്ന യോഹന്നാൻ, അപ്പോസ്തലനായ യോഹന്നാൻ ആയിരുന്നു.

സഭയുടെ പ്രാരംഭഘട്ടത്തിൽ തന്നെ, വെളിപ്പാട് പുസ്തകം എഴുതുവാൻ അപ്പൊസ്തലനായ യോഹന്നാനെ നിയമിച്ചിരുന്നു. പാപ്പിറസും എഴുതിയത് യോഹന്നാൻ ആണെന്ന് ജസ്റ്റിൻ മാർട്ടിനും, ഐറേനിയസും പറഞ്ഞിരിക്കുന്നു. ആ സഭാദ്ധ്യക്ഷന്മാർ പറയുന്നതനുസരിച്ച്, അപ്പൊസ്തലനായ യോഹന്നാൻ യെരുശലേം നാശ സമയത്ത് (എ.ഡി. 70) എഫെസൊസിലേക്ക് പോകുകയും ആസ്യാ-ഭൂഖണ്ഡത്തിൽ അടുത്ത ഇരുപത്തിയഞ്ചു വർഷം വളരെ പ്രമുഖനായ ഒരു ക്രിസ്തീയ നേതാവായി ജീവിക്കയും ചെയ്തിരുന്നു. അവിടെനിന്നാണ്, അവനെ പത്മൊസ് ദ്വീപിലേക്ക് നാടുകടത്തിയത്, അവിടെ വെച്ചാണ് യേശുവിൽനിന്നുള്ള വെളിപ്പാട് ലഭിക്കുന്നത്.

വെളിപ്പാടും യോഹന്നാന്റെ മറ്റു പുസ്തകങ്ങളും താരതമ്യം ചെയ്താൽ വളരെയധികം സമാനതകൾ കാണാം. യോഹന്നാൻ മാത്രമാണ് യേശുവിനെ ലോഗോസ് എന്ന് വിശേഷിപ്പിച്ചത് ("വചനം"; യോഹന്നാൻ 1:1,14; 1 യോഹന്നാൻ 1:1; വെളിപ്പാട് 19:13). യേശുവിനെ സൂചിപ്പിക്കുവാൻ യോഹന്നാൻ ഇഷ്ടപ്പെട്ട വിശേഷണമായിരുന്നു "ദൈവത്തിന്റെ കുഞ്ഞാട്" (യോഹന്നാൻ 1:29,36); വെളിപ്പാട് പുസ്തകത്തിൽ യേശുവിനെ ഇരുപത്തിരണ്ടു പ്രാവശ്യം "കുഞ്ഞാട്" എന്നു വിളിച്ചിട്ടുണ്ട്. സുവിശേഷ എഴുത്തുകാരിൽ യോഹന്നാൻ മാത്രമാണ് "യേശുവിന്റെ വിലാപുറത്ത് കുത്തി" എന്ന് പറയുന്നത് (യോഹന്നാൻ 19:34), ആ വസ്തുത വെളിപ്പാട് പുസ്തകത്തിലുമുണ്ട് (1:7).



അവന്റെ മറ്റു പുസ്തകങ്ങളുടെ ശൈലിയും വെളിപ്പാട് പുസ്തകത്തിലെ ശൈലിയും തമ്മിലുള്ള വ്യത്യാസം നിമിത്തം വെളിപ്പാട് യോഹന്നാനാണോ എഴുതിയതെന്ന് ചിലർ സംശയിക്കുന്നു. വെളിപ്പാട് എഴുതിയ ശൈലി വികൃതമാണെന്നും, അതുകൊണ്ടാണ് അത് എഴുതിയത് യോഹന്നാനല്ല എന്നു ചിലർ പറയുന്നത്. എങ്ങനെയായാലും ശൈലി വ്യത്യാസത്തിന് മറ്റു വിശദീകരണങ്ങളുണ്ട്.

ഉദാഹരണത്തിന്, ഒരു ലേഖനം എഴുതുന്നതോ അല്ലെങ്കിൽ യേശുവിന്റെ ജീവിതരീതിയെ കുറിച്ച് പഠിച്ച് അവതരിപ്പിക്കുന്നതോ പോലെയല്ല ദർശനങ്ങൾ രേഖപ്പെടുത്തുന്നതും അടയാളങ്ങൾ വിശദമാക്കുന്നതും.

കൂടാതെ, അനുഭവവും വ്യത്യസ്തമായിരുന്നു. യോഹന്നാൻ അധികവും എഴുതിയത് ദർശനം കണ്ടുകൊണ്ടിരിക്കുമ്പോഴും ശബ്ദം കേട്ടുകൊണ്ടിരിക്കുമ്പോഴുമായിരുന്നു. തന്റെ അവസ്ഥയെക്കുറിച്ച് യോഹന്നാൻ പറഞ്ഞു, "ഞാൻ ഏറ്റവും കരഞ്ഞു" (5:4)). അത്തരമൊരു മാനസികാവസ്ഥ യോഹന്നാൻ പ്രകടമാക്കുന്നതിനെ ബാധിക്കും.

അതിനു പുറമെ, നടപടി ക്രമത്തിലും ഒരുപക്ഷെ വ്യത്യാസം ഉണ്ടായേക്കാം. പൗലൊസിനെയും, പത്രോസിനെയും പോലെ, മറ്റുള്ളവരുടെ സഹായത്താലായിരിക്കാം തന്റെ സുവിശേഷവിവരണങ്ങളും മറ്റു ലേഖനങ്ങളും എഴുതിയത്- തന്നേക്കാൾ അധികം ഗ്രീക്കുഭാഷയും എഴുത്തുശൈലിയും വശമുള്ളവർ. നേരെ മറിച്ച്, യോഹന്നാൻ ദർശനങ്ങളും വെളിപ്പാടുകളും തന്റെ സ്വന്ത കൈകൊണ്ട് എഴുതിയിരിക്കുവാനും സാധ്യതയുണ്ട് (1:11,19; 2:1,8,12,18; 3:1,7,12,14; 10:4; 14:13; 19:9; 21:5). അപ്പോൾ സ്വാഭാവികമായും ശൈലിക്ക് മാറ്റം വരാം.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ചില പ്രത്യേക ഫലത്തിനായി, ആ ശൈലിയിൽ എഴുതുവാൻ പരിശുദ്ധാത്മാവ് യോഹന്നാനോട് ആവശ്യപ്പെട്ടിരിക്കാം. ആ വാക്കുകൾ യോഹന്നാൻ എഴുതി എന്നു വിശ്വസിക്കുവാൻ ധാരാളം കാരണങ്ങളുണ്ടെന്നാണ് എന്റെ തീർച്ചപ്പെടുത്തൽ-അറിയപ്പെടാത്ത ഒരു യോഹന്നാൻ അതെഴുതി എന്നു വിശ്വസിക്കുവാനുള്ള ഒരു കാരണവും കാണുന്നില്ല.

## അതിന്റെ തീയതി

ഡൊമീഷ്യന്റെ വാഴ്ച്ചക്കാലമായ, എ.ഡി. 94-96 കാലയളവിൽ സഭയ്ക്ക് കഠിനമായ ഉപദ്രവം നേരിട്ട സമയത്തായിരിക്കാം വെളിപ്പാട് എഴുതിയത് (2:13; 6:9; 12:17; 13:7), റോമാ ഗവൺമെന്റിന്റെ കാലത്തായിരുന്നു അത് എഴുതപ്പെട്ടതെന്ന് മിക്കപേരും വിശ്വസിക്കുന്നു. ഒന്നാം നൂറ്റാണ്ടിന്റെ അവസാനഭാഗത്ത് ക്രിസ്ത്യാനികളെ ഉപദ്രവിച്ചത് - രണ്ടു ചക്രവർത്തിമാരായ നീറോയും ഡൊമീഷ്യനും മാത്രമാകകൊണ്ട്, ഏതെങ്കിലും ഒരാളുടെ വാഴ്ച്ചക്കാലത്തായിരിക്കും വെളിപ്പാട് എഴുതപ്പെട്ടത് (എ.ഡി.81-96).

ദൈവശാസ്ത്രീയമല്ലാത്ത പാരമ്പര്യമനുസരിച്ച് ഡോമീഷ്യന്റെ വാഴ്ചയുടെ അവസാനകാലത്താണ് വെളിപ്പാട് എഴുതപ്പെട്ടതെന്ന് പറയപ്പെടുന്നു. ഐറേനിയസ്, (എ.ഡി. 185) പറഞ്ഞു, "വെളിപ്പാടുപുസ്തകത്തിലെ" വെളിപ്പെടുത്തുന്ന ദർശനങ്ങൾ "കണ്ടത് ഡൊമീഷ്യന്റെ വാഴ്ച്ചയുടെ അവസാനകാലത്ത്, നമ്മുടെ കാലയളവിൽ തന്നെയാണ്." മറ്റു പ്രാരംഭ സഭാദ്ധ്യക്ഷന്മാരും (യൂസേബിയസ് തുടങ്ങിയവർ) വെളിപ്പാട് എഴുതപ്പെട്ടത് ഡൊമീഷ്യന്റെ വാഴ്ച്ചക്കാലത്ത് എ.ഡി. 90 കളുടെ അവസാനമായിരുന്നു എന്ന് വിശ്വസിക്കുന്നു.

ചിലർ വിശ്വസിക്കുന്നത് വെളിപ്പാട് പുസ്തകം എഴുതപ്പെട്ടത് നീറോ ചക്രവർത്തിയുടെ വാഴ്ച്ചയുടെ അവസാനകാലത്താണ് എന്നത്രെ (എ.ഡി. 54-68), എന്നാൽ ഞാൻ നടത്തിയ പഠനത്തിൽ എനിക്ക് എത്തിച്ചേരുവാൻ കഴിഞ്ഞത് പാരമ്പര്യകാഴ്ചപ്പാടിലാണ്. ഉദാഹരണത്തിന് ചക്രവർത്തിമാരുടെ ഉപദ്രവസ്വഭാവം നോക്കിയാൽ ഡൊമീഷ്യന്റെ ഉപദ്രവം നീറോയുടേതിനേക്കാൾ പ്രത്യേകതയുള്ളതായിരുന്നു. കൂടാതെ, 60കളേക്കാൾ 90കളാണ് ഏഴു സഭകളുടേയും അവസ്ഥ നോക്കിയാൽ യോജിക്കുന്നത്. എഫെസൊസ് സഭ 60കളിൽ സ്പഷ്ടമായും വളർന്നുവരികയായിരുന്നു (അ.പ്ര. 19ഉം 20ഉം എഫെസ്യലേഖനവും നോക്കുക), എന്നാൽ വെളിപ്പാട് പുസ്തകം എഴുതുമ്പോഴേക്ക് എഫെസൊസ് സഭയുടെ ആദ്യസ്നേഹം നഷ്ടപ്പെടുകയും അണഞ്ഞുപോകൽ ഭീഷണി നേരിടുകയും ചെയ്തിരുന്നു (2:4,5). അതുകൊണ്ട് അത് എഴുതിയ തീയതി ഏതാണ്ട് എ.ഡി. 90കളിലാണെന്ന് ഉറപ്പിക്കാം.

## അതിന്റെ സ്ഥലം

ദർശനം ലഭിക്കുമ്പോൾ, യോഹന്നാൻ പത്മൊസ് ദ്വീപിലായിരുന്നു. "ദൈവവചനവും യേശുക്രിസ്തുവിന്റെ സാക്ഷ്യവും നിമിത്തം ആയിരുന്നു" യോഹന്നാൻ നാടുകടത്തപ്പെട്ടത് (1:9). പത്മൊസ് ദ്വീപ് "ചെറുതും (എട്ടു മൈൽ നീളവും നാലുമൈൽ വീതിയും) ആധുനിക തുർക്കിയുടെ തീരത്തുനിന്ന് മാറി, എഫെസൊസിൽനിന്ന് 50 മൈൽ തെക്കുപടിഞ്ഞാറായി, അയേഗ്യൻ കടൽത്തീരത്ത് പാറയോടുകൂടിയതുമായിരുന്നു. ഒരുപക്ഷെ അത് റോമൻ കുറ്റവാളികളെ താമസിപ്പിച്ച സ്ഥലമായിരിക്കാം. സർ വില്യം രാംസേ പറഞ്ഞതനുസരിച്ച്, തടവുകാരെ "ചാട്ടവാറുകൊണ്ടടിച്ച് ശാശ്വതമായി വിലങ്ങണിയിക്കുകയും, അപര്യാപ്ത വസ്ത്രവും, അപര്യാപ്ത ആഹാരവും നൽകി, ഇരുണ്ട മുറിയിൽ വെറും തറയിൽ കിടത്തും, സൈന്യം അവരെ ചാട്ടവാറുകൊണ്ടടിച്ചാണ് ജോലി ചെയ്യിപ്പിച്ചിരുന്നത്."

## അതിന്റെ സദസ്യർ

അന്നുണ്ടായിരുന്ന ഏഴു സഭകൾക്കും-എല്ലാ കാലത്തെയും ക്രിസ്ത്യാനികൾക്കും വേണ്ടിയാണ് വെളിപ്പാട് പുസ്തകം എഴുതിയത്. "ആസ്യയിലെ ഏഴു സഭകളെ" പ്രത്യേകമായി സംബോധന ചെയ്തിരിക്കുന്നു (1:4): "എഫെസൊസ്, സ്മുർന്ന, പെർഗമം, തുയഥൈര, സർദ്ദീസ്, ഫിലദെൽഫിയ, ലവൊദിക്യ എന്നീ സഭകൾക്ക്" (1:11). "ആസ്യ" എന്നത് ഏഷ്യാ ഭൂഖണ്ഡമല്ല. അയേഗ്യൻ കടലിന്റെ കിഴക്കേ തീരത്ത് സ്ഥിതിചെയ്തിരുന്ന ഒരു റോമൻ പ്രവിശ്യയായിരുന്നു ആസ്യ (ഇപ്പോൾ അത് ആധുനിക തുർക്കിയുടെ പടിഞ്ഞാറെ തീരം). ആ പ്രവിശ്യയിൽ ഏഴിലധികം സഭകളുണ്ടായിരുന്നു, എന്നാൽ ആ ഇടവകകൾ തിരഞ്ഞെടുത്തത് അവയ്ക്ക് പ്രത്യേകതകളുണ്ടായിരുന്നതുകൊണ്ടാണ്.

വെളിപ്പാട് പുസ്തകം പ്രത്യേകമായി ഏഴുസഭകളെയാണ് സംബോധന ചെയ്തിരിക്കുന്നതെങ്കിലും, അത്-മറ്റു പുതിയനിയമപുസ്തകങ്ങളെന്നപോലെ ഉദ്ദേശിച്ചിരിക്കുന്നത് എല്ലാ സദസ്യരേയും ആണ്. അദ്ധ്യായങ്ങൾ 2ലും 3ലും ഓരോ അക്ഷരവും ആ സന്ദേശമാണ് വ്യക്തമാക്കുന്നത്: "ആത്മാവ് സഭകളോട് പറയുന്നത്, കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ" (2:7). നിങ്ങളുടെ തലയുടെ വശങ്ങൾ പരിശോധിക്കുക. നിങ്ങൾക്ക് ചുരുങ്ങിയത് ഒരു ചെവിയെങ്കിലും കാണുന്നില്ലേ? എങ്കിൽ, വെളിപ്പാട് പുസ്തകം എഴുതപ്പെട്ടിരിക്കുന്നത് നിങ്ങൾക്കാണ്!



# വേദാഭിമാനിയുടെ മറുപടി

**വഴിയാത്രയിൽ ഒരു സഹയാത്രികൻ സമ്മാനിച്ച വേദാഭിമാനി വായിച്ചപ്പോൾ കൗതുകം തോന്നിയെങ്കിലും മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള ചിന്തകൾ അരോചകമായി തോന്നി, കേവലം മതചിന്ത എന്നതിലപ്പുറം ഇതിന് ഒരടിസ്ഥാനവും എനിക്കു തോന്നുന്നില്ല. യുക്തിയോ, ചിന്തയോ ഇല്ലാത്ത അന്ധവിശ്വാസം.... മരിച്ച് മണ്ണോടു ചേർന്ന് വൃക്ഷങ്ങൾക്ക് വളമാകുന്ന അല്ലെങ്കിൽ ദഹിപ്പിച്ച് ചാരമാകുന്ന ഒരു മനുഷ്യന് മരണാനന്തര ജീവിതത്തിന് എന്തെങ്കിലും സാധ്യതയുണ്ടോ?**


*-രമേശ് കൈപ്പങ്ങാടി, അമ്പലപ്പുറം, തൈപ്പന, കൊട്ടാരക്കര*


കോടാനുകോടി കോശങ്ങളുടെ സമമായ സംബന്ധമാണല്ലോ മനുഷ്യശരീരം എന്നു പറയുന്നത്. ആകൃതിയിലും പ്രകൃതിയിലും തികച്ചും വ്യത്യസ്തങ്ങളായ-വ്യത്യസ്തധർമ്മങ്ങൾ നിറവേറ്റുന്ന ശരീരത്തിലെ വിഭിന്ന അവയവങ്ങൾക്ക് രൂപം നൽകുന്ന കോശങ്ങൾ പൊതുസമാനങ്ങൾ ആണെന്നതു പ്രത്യേകം പ്രസ്താവ്യമത്രെ. ഗർഭധാരണ വേളയിൽ സ്ത്രീയുടെ അണ്ഡവും പുരുഷ ബീജവും പരസ്പരാശ്ലേഷണത്തിൽ മുഴുകുന്ന നിമിഷത്തിൽ നാൽപ്പത്തിയാറ് വർണ്ണ തന്തുക്കൾ ഒത്തിണങ്ങിയ ഒരു കോശം രൂപം കൊള്ളുന്നു. കോശത്തിൽ വിഭജനം (ഇരുസമഭാഗങ്ങളായി) നടക്കുന്നതിന്റെ (Binary Fission) ഫലമായി കോശങ്ങൾ വർദ്ധിക്കുന്നു. ഈ വിഭജനത്തിന്റെ പരിണിതവും പ്രത്യക്ഷഫലവും എന്നോണം ശരീരം രൂപംകൊള്ളുന്നു. കോശങ്ങൾ പൊതുസമാനങ്ങൾ ആണെങ്കിലും ഏകരൂപങ്ങൾ അല്ല. എന്നാൽ കോശത്തിനുള്ളിലെ വർണ്ണ തന്തുക്കൾ (Chromosomes) എല്ലാം ഒരുപോലെയാണ്. ഈ വർണ്ണതന്തുക്കൾ ആണ് ശരീരത്തിന്റെ ശില്പികൾ. ശരീരധർമ്മങ്ങളുടെയും ആന്തരിക പ്രവർത്തനങ്ങളുടെയും പൂർണ്ണമായ നിയന്ത്രണം വർണ്ണതന്തുക്കൾക്കാണെന്നു പറയാം.



കോശങ്ങളിൽ കാണുന്ന വർണ്ണതന്തുക്കളിലെ ജീൻസ് (D.N.A. തന്നെയാണ് Gens. അനേകായിരം D.N.A. തന്മാത്രകൾ കൊണ്ടാണ് വർണ്ണ തന്തുക്കൾ നിർമ്മിക്കപ്പെട്ടിരിക്കുന്നത്. ) പ്രവർത്തന നിരതമാകുമ്പോൾ അതിന്റെ സമഗ്ര സ്വഭാവത്തിന് ജീവൻ എന്നും, പ്രവർത്തനരഹിതമാകുമ്പോൾ അതിന് മരണം എന്നും പറയാം. ഇവിടെ D.N.A. അഥവാ ജീൻസ് ആണ് പ്രധാന ഘടകം എന്നു നാം മനസ്സിലാക്കിയല്ലോ. ജീവവ്യാപാരത്തിനാധാരമായ ഘടകമാകട്ടെ പ്രസ്തുത D.N.A. യിലെ രാസസംയുക്തമായ (Nitrogenous base) A.G.T.C. (അഡിനിൻ, ഗ്യാനിൻ, തൈമിൻ, സൈറ്റോസൈൻ) കോഡാണ്. ഇത് നാശത്തിനതീതമാണെന്ന് ശാസ്ത്രം പറയുന്നു. (മരണശേഷവും നശിക്കാതെ അവശേഷിക്കുന്ന ഇതിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത്- ഇയ്യോബ് 14:17; 2 കൊരിന്ത്യർ 5:10 തുടങ്ങിയ വാക്യങ്ങളോട് ബന്ധപ്പെടുത്തി കൂടുതലായി ഈ വിഷയത്തിൽ പഠനം നടത്തേണ്ടിയിരിക്കുന്നു.)


ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം: ഒരു D.N.A. തന്മാത്രയെങ്കിലും സജീവമായിരുന്നാൽ വസ്തുവിന് ജീവൻ ഉണ്ട് എന്നാണ് ആധുനികശാസ്ത്രം പറയുന്നത്. നോക്കുക-പ്രോട്ടീനും, ന്യൂക്ലിക്ക് ആസിഡും ചേർന്ന ന്യൂക്ലിയോ പ്രോട്ടീൻ ആണല്ലോ സൃഷ്ടിയുടെ പ്രകാശനാളമായി ചൂണ്ടിക്കാട്ടുന്നത്. അത് എന്തുതന്നെയായാലും ന്യൂക്ലിയോ പ്രോട്ടീൻ കൊണ്ടാണ് വർണ്ണ തന്തുക്കൾ നിർമ്മിച്ചിരിക്കുന്നത് എന്ന കാര്യത്തിൽ തർക്കമില്ല. ഈ വസ്തുതകൾ ഉൾക്കൊണ്ടുകൊണ്ടാണ് ശാസ്ത്രജ്ഞന്മാർ മനുഷ്യനെ "മുളപ്പിച്ചുണ്ടാക്കാനുള്ള" ശ്രമത്തിൽ ഏർപ്പെട്ടിരിക്കുന്നത്. ഡോ. അറ്റ്വുഡ്, ഓക്സ്ഫോർഡ് സർവ്വകലാശാലയിലെ ഡോ. ജി. സി. ഗാർഡൻ തുടങ്ങിയവർ കോശത്തിൽനിന്നും മനുഷ്യനെ മുളപ്പിച്ചെടുക്കാനുള്ള ശ്രമത്തിലായിരുന്നു. അതായത്, ഒരു കോശത്തിൽ നിന്ന് അതിന്റെ ന്യൂക്ലിയസിനെ അൾട്രാവയലറ്റ് രശ്മി ഉപയോഗിച്ച് വേർപെടുത്തിക്കളഞ്ഞിട്ട് മറ്റൊരു കോശത്തിൽനിന്ന് വേർപെടുത്തിയെടുത്ത ന്യൂക്ലിയസ് ആ ഭാഗത്ത് സംയോജിപ്പിച്ച് ഭ്രൂണം എന്ന നിലയിൽ വികസിപ്പിച്ച് വളർത്തിക്കൊണ്ട് വരുക. എന്നാൽ അറിവ് ഒന്നുകൂടെ വിശാലമായതോടെ ഭൗതിക ശരീരത്തിന്റെ അടിസ്ഥാന ഘടകത്തെ വികസിപ്പിച്ചുകൊണ്ടുവരാനുള്ള ശ്രമമാണ് ഇന്ന് നടക്കുന്നത്. (The new story of science P. 732) ഇവിടെ നാം മനസ്സിലാക്കേണ്ടത്, ജീവൻ എന്ന പ്രതിഭാസം അഥവാ സ്വഭാവവിശേഷം രൂപീകൃതമാകുന്നതിന് വേണ്ടുന്ന അടിസ്ഥാന ഘടകം പ്രവർത്തനരഹിതമെങ്കിൽതന്നെയും മരണശേഷവും നശിക്കാതെ അവശേഷിക്കുന്നു എന്നുള്ളതാണ്. സാഹചര്യങ്ങൾ അനുകൂലമായാൽ സ്വയം വികസിക്കാനുള്ള ശേഷി (പ്രത്യുല്പാദനപരമായി) ഇവയ്ക്കുണ്ട് അല്ലെങ്കിൽ കൈവരിക്കും എന്ന് ശാസ്ത്രം പറയുന്നു. വിഘടിച്ചു വികസിക്കുവാൻ വേണ്ടി ചുറ്റുപാടുകളെ പ്രയോജനപ്പെടുത്തുവാനും ഇവയ്ക്കു കഴിവുണ്ട്. (The science of life P. 176)... അങ്ങനെ ന്യൂക്ലിയോ പ്രോട്ടീന്റെ സഹായത്തോടെ ജീൻസ് പ്രവർത്തനനിരതമാകുന്നതോടെ ജീവൻ കൈവരിച്ചു എന്നു പറയാം.




ഭൗതിക ശരീരത്തിന്റെ അടിസ്ഥാനഘടകം മരണശേഷവും നിലനിൽക്കുന്നുവെന്നും (Anthropic Cosmological Principle -Oxford University )... സാഹചര്യങ്ങൾ അനുകൂലമായാൽ പ്രസ്തുത ശേഷിപ്പുകൾ അഥവാ അടിസ്ഥാനഘടകം സജീവമാകുകയും ശരീരം പുനരുദ്ധരിക്കപ്പെടുകയും ചെയ്യുമെന്ന് പറയുമ്പോൾ അതിനെ ചോദ്യം ചെയ്ത്-അന്ധവിശ്വാസമെന്ന് പറഞ്ഞ് അധിക്ഷേപിക്കുന്നവർ-ഞാനുണ്ട് നീയില്ല എന്ന് ശിഷ്യനോട് പറഞ്ഞ തത്വജ്ഞാനിയെപ്പോലെയാണ്.

ലളിതമായ ഒരു ചോദ്യം ഇവിടെ അവശേഷിക്കുന്നു. അതായത്, മനുഷ്യശരീരത്തിന്റെ അടിസ്ഥാന ഘടകത്തിൽ നിന്ന് മനുഷ്യനെ മുളപ്പിച്ചുണ്ടാക്കുവാൻ ശ്രമിക്കുന്ന ശാസ്ത്രത്തിന് സാഹചര്യങ്ങൾ അനുകൂലമായാൽ നശിക്കാതെ ശേഷിക്കുന്ന ഭൗതിക ശരീരഘടകത്തിൽ നിന്ന് മനുഷ്യൻ ഉയിർക്കൊള്ളില്ലെന്ന് എങ്ങനെ പറയാൻ കഴിയും? അതും പരിണാമ ദിശയിൽ യുഗങ്ങളേറെ താണ്ടിക്കടന്നപ്പോൾ അനുകൂലമായ ഒരനർഘ നിമിഷത്തിൽ ജീവന്റെ നാമ്പ് തനിയെ വിരിഞ്ഞ് ഉയർന്നു എന്ന് വിശ്വസിക്കുന്നവർക്ക്?




ബൈബിൾ പറയുന്നത് ശ്രദ്ധിക്കുക: ....മൃതന്മാർ ജീവിക്കും... ശവങ്ങൾ എഴുന്നേൽക്കും ....ഭൂമി പ്രേതന്മാരെ പ്രസവിക്കുമല്ലോ... ഹതന്മാരെ ഇനി മൂടിവയ്ക്കുകയുമില്ല. (യെശയ്യാവ് 26:19-21; സങ്കീർത്തനം 90:3; യോഹന്നാൻ 5:28; വെളിപ്പാട് 20:13) ഇവിടെ മൂടിവച്ചിരിക്കുന്നത് പുറത്തുവരും എന്ന പ്രസ്താവനയും, ഏല്പിച്ചുകൊടുത്തു, ഭൂമി പ്രേതന്മാരെ പ്രസവിക്കും തുടങ്ങിയുള്ള പരാമർശങ്ങളും പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുണ്ട്. ഭൂമിക്കുവരുന്ന അത്ഭുതകരമായ മാറ്റം അതായത് ഭൂമി ഗർഭപാത്രംപോലെ ആയിത്തീരുന്ന ഒരവസ്ഥാവിശേഷം ഇവിടെ ദൃശ്യമാണ്. ഇതോടനുബന്ധിച്ച് ബൈബിളിലെ 1 കൊരിന്ത്യർ 15:35-41 വരെയുള്ള വാക്യങ്ങൾ പഠനവിധേയമാക്കേണ്ടതുണ്ട്. പ്രത്യേകിച്ച് വിത്തും ശരീരവും എന്ന പരാമർശം. അകൃത്യഭാരം ചുമക്കുന്ന-വ്യക്തിത്വം വെളിപ്പെടുത്തുന്ന-നശിക്കാതെ അവശേഷിക്കുന്ന അടിസ്ഥാന ഘടകത്തെക്കുറിച്ചുള്ള പരാമർശമാണിത്. തീർച്ചയായും പ്രസ്തുത ഘടകത്തെ വിത്തിനോടുപമിക്കുന്നതിൽ യാതൊരു തെറ്റുമില്ല.

ഗർഭപാത്രത്തിൽ ഏക കോശത്തിൽ നിന്ന് ശരീരം രൂപംകൊള്ളുന്നതുപോലെ ഒരു പ്രത്യേക സാഹചര്യത്തിൽ (ദൈവത്തിന്റെ ആഹ്വാനത്തിങ്കൽ സങ്കീർത്തനം 90:3) ഭൂമി ഗർഭപാത്രം പോലെയാവുകയും വിത്തിൽനിന്നെന്നപോലെ ശേഷിപ്പുകളിൽനിന്ന് ശരീരം പുനരുദ്ധരിക്കപ്പെടുകയും ചെയ്യും എന്ന വസ്തുതയാണ് ഈ ഭാഗത്തുനിന്നും മനസ്സിലാക്കുവാൻ കഴിയുന്നത്.

മരണാനന്തരം മനുഷ്യന്റെ വ്യക്തിത്വം നിലനിൽക്കും എന്നിരിക്കെ... ദൈവം മരിച്ചവരെ ഉയിർപ്പിക്കുന്നത് വിശ്വാസയോഗ്യമല്ല എന്ന് നിങ്ങൾക്ക് തോന്നുന്നതെന്ത്? (അപ്പോസ്തലപ്രവൃത്തികൾ 26:8) ...ഇതിങ്കൽ ആശ്ചര്യപ്പെടരുത്; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു നന്മചെയ്തവർ ജീവനായും തിന്മചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്വാനുള്ള നാഴിക വരുന്നു. (യോഹന്നാൻ 5:29) അതെ ...ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിക്കപ്പെടും (1 കൊരിന്ത്യർ 15:22) ...നിലത്തെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവനായും, ചിലർ ലജ്ജയ്ക്കും നിത്യനിന്ദയ്ക്കുമായും ഉണരും (ദാനിയേൽ 12:2).

**മാധ്യമങ്ങളുടെ ശ്രദ്ധയ്ക്ക് : ടൈറ്റസ് കാർത്തികപ്പള്ളി നൽകുന്ന വിശദീകരണങ്ങളാണ് വേദാഭിമാനിയുടെ മറുപടിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പുനഃപ്രസിദ്ധീകരണം അനുവദനീയമല്ല.**

This is the Word of God
I Believe It!

# VEDABHIMANI

Annual Subscription Rs. 100/-
RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2012-14

2012 AUGUST



# ദൈവത്തിന്റെ പദ്ധതി

**ബ്രി**ട്ടീഷ് പ്രധാനമന്ത്രിമാരിൽ ഏറ്റവും മുൻനിരയിൽ നിൽക്കുന്ന ഒരാളാണ് ലോയിഡ് ജോർജ് (1863-1945). ബ്രിട്ടനെ ഒരു ക്ഷേമരാഷ്ട്രമായി പടുത്തുയർത്തുന്നതിൽ ഏറ്റവുമധികം സംഭാവനകൾ ചെയ്തിട്ടുള്ള അദ്ദേഹം 1916 മുതൽ 1922 വരെ പ്രധാനമന്ത്രി പദം അലങ്കരിച്ചു. ഒന്നാം ലോകമഹായുദ്ധത്തിൽ ബ്രിട്ടനെ വിജയത്തിലേക്കു നയിച്ച അദ്ദേഹം ലിബറൽ പാർട്ടിയുടെ നേതാവായി 1890ലാണ് പാർലമെന്റിൽ എത്തിയത്. അതിനുശേഷം 1945-ൽ മരിക്കുന്നതുവരെ അദ്ദേഹം പാർലമെന്റിലെ അംഗമായിരുന്നു.



വെൽഷ് സംസാരിക്കുന്ന വെയിൽസിലെ ഒരു പാവപ്പെട്ട കുടുംബത്തിലാണ് ജോർജ് ജനിച്ചത്. അദ്ദേഹം ശിശുവായിരുന്നപ്പോൾത്തന്നെ പിതാവിനെ നഷ്ടപ്പെട്ടു. അതിനു തൊട്ടുപിന്നാലെയാണ് ജോർജ്ജിന് മാരകമായ രോഗം ബാധിച്ചത്. അക്കാലത്തു സമീപത്തെങ്ങും ഒരു ഡോക്ടറുടെ സേവനം ലഭിച്ചിരുന്നില്ല. തന്മൂലം ജോർജിന്റെ അമ്മ അഞ്ചു മൈൽ അകലെയുള്ള ഒരു സ്ഥലത്തു ചെന്നു അവിടെയുള്ള ഡോക്ടറുടെ സേവനം ആവശ്യപ്പെട്ടു.

അപ്പോൾ ഒരു തുള്ളിക്ക് ഒരു കുടം എന്ന കണക്കിൽ മഴ തകർത്തടിച്ചു പെയ്യുന്നുണ്ടായിരുന്നു. ജോർജിന്റെ അമ്മ ശിശുവിന്റെ രോഗവിവരം ഡോക്ടറെ അറിയിച്ചു. രോഗികളുടെ വീട്ടിൽപ്പോയി ഡോക്ടർമാർ രോഗികളെ ശുശ്രൂഷിക്കുന്ന ഒരു കാലഘട്ടമായിരുന്നു അത്. എങ്കിലും ജോർജിന്റെ അമ്മയെ കണ്ടപ്പോൾ അവരുടെ കൂടെ വീട്ടിൽപ്പോകുവാൻ ഡോക്ടർ മടിച്ചു.

വിധവയായ പാവപ്പെട്ട ഒരു സ്ത്രീയുടെ ഒപ്പം ശുശ്രൂഷയ്ക്കുപോയാൽ പ്രതിഫലമൊന്നും കിട്ടില്ലെന്നു ഡോക്ടറിനു ഉറപ്പായിരുന്നു. പ്രതിഫലം ആഗ്രഹിക്കാതെ താൻ പോയി ആ ശിശുവിനെ ചികിത്സിച്ചു രക്ഷപെടുത്തിയാലും അതുവഴി വലിയ നന്മയൊന്നും സംഭവിക്കുവാൻ പോകുന്നില്ലെന്നും ഡോക്ടറിനു തോന്നി. താൻ ആ ശിശുവിനെ രക്ഷപെടുത്തിയാൽ പിന്നീട് പാവപ്പെട്ട ഒരു കർഷകനെയോ, തൊഴിലാളിയെയോ സമൂഹത്തിനു ലഭിച്ചേക്കാം. അതിൽ കൂടുതലായി ഒന്നും സംഭവിക്കുവാൻ പോകുന്നില്ല എന്നായിരുന്നു ഡോക്ടർ ആദ്യം ചിന്തിച്ചത്.

എന്നാൽ തന്നെ വിളിക്കുവാൻ വന്ന സ്ത്രീയുടെ മുഖത്തേക്കു നോക്കിയപ്പോൾ തന്റെ സേവനം നിഷേധിക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. അദ്ദേഹം സ്ത്രീയുടെ കൂടെ വീട്ടിലെത്തി രോഗിയായ ശിശുവിന് മരുന്നു നൽകി ശുശ്രൂഷിച്ചു. അതുവഴിയായി ആ ശിശുവിന്റെ ജീവൻ രക്ഷപെടുകയും ചെയ്തു.

പിൽക്കാലത്ത് ജോർജ് ബ്രിട്ടന്റെ പ്രധാനമന്ത്രിയായി വൻകാര്യങ്ങൾ ചെയ്തപ്പോൾ അതൊക്കെ കാണുവാനും കേൾക്കുവാനുമുള്ള ഭാഗ്യം ജോർജ്ജ് ശിശുവായിരുന്നപ്പോൾ അദ്ദേഹത്തെ ശുശ്രൂഷിച്ച ഡോക്ടർക്കുണ്ടായി. ആ ഡോക്ടർ ഒരിക്കൽ ഇപ്രകാരം പറഞ്ഞു: "ഒരു പാവപ്പെട്ട കർഷക കുടുംബത്തിലെ രോഗിയായ ശിശുവിനെ ശുശ്രൂഷിച്ചു സുഖപ്പെടുത്തിയപ്പോൾ വെയിൽസിലെ ഏറ്റവും മഹാനായ നേതാവായി ആ ശിശു വളർന്നുവരുമെന്നു എനിക്കു ഭാവന ചെയ്യാൻപോലും സാധിച്ചിരുന്നില്ല!"

ഈ ലോകത്തിലേക്കു ജനിച്ചുവീഴുന്ന ഓരോ ശിശുവും ആരായിത്തീരുമെന്നോ, എന്തായിത്തീരുമെന്നോ നമുക്കു കൃത്യമായി അറിയില്ല. അക്കാര്യം ദൈവത്തിനു മാത്രമേ അറിയൂ. എന്നാൽ, ഒരു കാര്യം വ്യക്തമാണ്. ദൈവം ലോകത്തിനു സമ്മാനമായി നൽകുന്ന ഓരോ ശിശുവിനെയും നന്നായി വളർത്തിയാൽ അവർ സമൂഹത്തിനു അനുഗ്രഹമായിത്തീരുമെന്നു തീർച്ചയാണ്. കാരണം, ദൈവത്തിന്റെ പദ്ധതിയനുസരിച്ചു നാം വളർന്നാൽ നാം വഴിയായി ഉണ്ടാകുന്ന നന്മകൾ നമുക്ക് വിഭാവനം ചെയ്യാൻ സാധിക്കുന്നതിൽ അധികമാണെന്നതാണ് യാഥാർഥ്യം.



## ഡയലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

ആത്മീയ നേതാക്കന്മാരുടെ തലയിൽ ശോഭിക്കുന്ന കിരീടത്തെ കാണാതെ പോകരുത്.
*അക്സാ ചെറിയാൻ, ചാപ്രക്കടവ്, മടക്കാട്*

☹ **അത് കിരീടമല്ല, കോഴിപപ്പാണ്.**

☺ ആത്മീയ തത്വങ്ങൾ അംഗീകരിക്കുന്നുണ്ടോ.
*ജോയി സാമുവേൽ, പൈങ്ങുട്ടി, പിറവം*

☹ **തത്വം തത്വേന ശാന്തി. അംഗീകാരമല്ല അനുസരണമാണ് വേണ്ടത്.**

☺ അധികാരത്തിലിരുന്ന ആത്മീയരെന്തിനാണ് പിന്നെയും പിന്നേയും അധികാരത്തിനുവേണ്ടി ആർത്തി പിടിക്കുന്നത്.
*ജോബി കുര്യാക്കോസ്, തെങ്ങുംകാവ്, മല്ലശ്ശേരി, പത്തനംതിട്ട*

☹ **ആനപ്പുറത്തിരുന്നുണ്ടായ തഴമ്പ് ആനപ്പുറത്ത് കയറാതിരുന്നാൽ ചൊറിയും**

☺ പാമ്പുകൾക്ക് മാളവും പറവകൾക്ക് ആകാശവുമുണ്ട്. മനുഷ്യപുത്രന് തലചായ്പ്പാൻ ഇടമില്ലായിരുന്നു. എന്നാൽ ആധുനികക്രിസ്തു ശിഷ്യനോ.
*ജോൺ പണിക്കർ, പേരയം, കുണ്ടറ.*

☹ **ആകാശത്ത് പറന്നുനടക്കാൻ വിമാനവും ഭൂമിയിൽ ഫൈവ്സ്റ്റാർ മാളങ്ങളുമുണ്ട്.**

☺ ആത്മീയ മാറ്റങ്ങൾക്ക് നേതൃത്വം കൊടുത്തവർ ആത്മീയ നേതാക്കളാണെന്ന് ഒരുവൻ പ്രസംഗിക്കുന്നതു കേട്ടു. എന്തു മാറ്റമാണ് അവർ വരുത്തിയത്.
*ഷേർളി പ്രദീപ്, കരിങ്ങൽ, കൂവളശ്ശേരി.*

☹ **ക്രിസ്തു ചരിതം ക്രയവിക്രയം ചെയ്ത് കാശുണ്ടാക്കുന്ന മാർഗ്ഗമാക്കി ക്രിസ്തു മാർഗ്ഗത്തെ അവർ മാറ്റി.**

☺ പ്രചാരമുള്ള ക്രിസ്തീയ മാധ്യമങ്ങളിലെ എഴുത്തുകാർ ഒരുകൂട്ടർ പ്രശസ്തരും മറ്റൊരു കൂട്ടർ അപ്രസക്തരും ആകുന്നതിനു കാരണം.
*സിനു പാപ്പച്ചൻ, തിക്കോയി, അടുക്കം, കോട്ടയം*

☹ **പ്രതികരണ തൊഴിലാളികൾക്കേ മുതലാളിമാരാകാൻ കഴിയൂ.**

☺ ഒരു പ്രസംഗകൻ തന്റെ പ്രസംഗത്തിൽ ഗാന്ധിജിയുടെ കാര്യം എടുത്തുപറയാൻ കാരണം.
*ടി. കെ. പ്രേമജൻ, വട്ടക്കാവ്, മേലപ്ര, കോന്നി.*

☹ **ഗാന്ധിജിയുടെ പടമുള്ള കടലാസിനു വേണ്ടിയാണ് പുള്ളി ക്രിസ്തുവിന്റെ കാര്യം പറയുന്നത്.**



# കുശവന്റെ അധികാരം

"**ദൈ**വത്തോട് വാഗ്വാദം നടത്താൻ മനുഷ്യാ നീ ആരാണ്? നീ എന്തിനാണ് എന്നെ ഈ വിധത്തിൽ നിർമിച്ചത് എന്നു പാത്രം കുശവനോട് ചോദിക്കുമോ? ഒരേ കളിമൺ പിണ്ഡത്തിൽ നിന്നു ശ്രേഷ്ഠമോ ഹീനമോ ആയ ഉപയോഗത്തിനുള്ള പാത്രങ്ങൾ നിർമ്മിക്കാൻ കുശവന് അവകാശമില്ലേ" (റോമ. 9:21-22).

നമ്മുടെ മേൽ ദൈവത്തിനുള്ള അധീശത്വത്തെയും അധികാരത്തെയും ഇത്ര മനോഹരമായി പ്രകാശിപ്പിക്കുന്ന മറ്റൊരു വചനമില്ല. നമുക്ക് വേണ്ടിയുള്ള ദൈവിക പദ്ധതിയുടെ ചോദ്യം ചെയ്യാനാകാത്ത ആധികാരികതയെക്കുറിച്ചുള്ള ശക്തമായ സൂചന കൂടിയാണ് ഈ വചനം.

'കുശവന്റെ അധികാരത്തിന് വിനയപൂർവ്വം വിധേയപ്പെടുത്താൻ നമുക്കുമുള്ള കാരണത്തെക്കുറിച്ച്, മറ്റൊരിടത്ത് വചനം വാചാലമാകുന്നുണ്ട്. 'അത് നമ്മുടെ നാശത്തിനുള്ളതല്ല ക്ഷേമത്തിനുള്ളതാണ്; നമുക്ക് ശുഭകരമായ ഭാവി പ്രദാനം ചെയ്യാനുതകുന്ന ഒന്ന്.' എല്ലാം അറിയുന്ന അവന്റെ കൈയിൽ സമ്പൂർണമായി സമർപ്പിക്കുമ്പോൾ മാത്രമേ രക്ഷ പൂർണ്ണമാകുന്നുള്ളു.




Printed, Published and owned by Titus Kply, Punnoothara, Kerala 690 516. Layout: Logi : 9495507765, Printed at St. Paul's Offset Mavelikara.
Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Karthikappally